കേരളത്തിൽ മീക്കവക്കും സ്വന്തം വീടുണ്ട്

തിരുവനന്തപുരം, ഫെ 4
കേരളീയരിൽ 88 ശതമാനത്തിനും സ്വന്തം വീടുണ്ടെന്നു വസതികടെ സംബന്ധിക്കുന്ന ഒരു റിപ്പോർട്ടിൽ പറയുന്നു. 12 ശതമാനം വാടകവീടുകളിലാണു താമസിക്കുന്നതു.
(പി ടി ഐ)

Reg. No. K. 31

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor: T. O. Mathew M. A. *Managing Editor:* B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	പോസ്റ്റ്‌വഴി	വാരാന്ത്യപതിപ്പ് പോസ്റ്റ്‌വഴി
ഒരു കൊല്ലത്തേക്കു്	27-00	6-00
ർമാസത്തേക്കു്	13-50	3-00
മാസത്തേക്കു്	6-75	1-50
ഏജൻറുമാർവഴി ഒരു മാസത്തേക്കു്)		
വാരാന്ത്യപതിപ്പ് മാത്രം		2-10
കാപ്രതി	00 7	00-10

മാനേജർ

പുസ്തകം 12 | ലക്കം 34 | 1965 ഫെബ്രുവരി വെള്ളി, 5 തൃശ്ശൂർ | വില 7 പൈസ | പേജ് 4

കെ. ടി. പി. സ്ഥാനാർത്ഥികളുടെ പ്രഥമലിസ്റ്റ് പ്രസിദ്ധീകരിച്ചു

മലയേഷ്യക്ക് ആസ്ത്രേലിയൻ സൈന്യം

ന്യൂസിലണ്ടും സഹായത്തിനെത്തുന്നു

[റോയിട്ടർ] വെല്ലിംഗ്ടൺ, ഫെബ്രുവരി 4

മലയേഷ്യക്ക് കൂടുതൽ സൈനികസഹായം നൽകുമെന്നു് ന്യൂസിലണ്ട് പ്രധാനമന്ത്രി ജോൺ മാഷൽ പ്രസ്താവിച്ചിരിക്കുന്നു.

ഇതിനെ സംബന്ധിക്കുന്ന ഒരു പൂർണ്ണപ്രഖ്യാപനം അടുത്തുതന്നെയുണ്ടാകുമെന്നു് അദ്ദേഹം പറഞ്ഞു.

ആസ്ത്രേലിയ സൈന്യത്തെ അയക്കുന്നു

കാൻബറ, ഫെ 4

മലയേഷ്യൻ തർക്കം ആരംഭിച്ചതിനുശേഷം ആദ്യമായി ആസ്ത്രേലിയൻ സൈന്യത്തെ ബോണ്ണിയോയിലേക്ക് അയക്കുന്നതായിട്ടാണ് ആസ്ത്രേലിയൻ ആക്ടിങ്ങ് പ്രധാനമന്ത്രി ജോൺ മക്കിവൻ പ്രഖ്യാപിച്ചിരിക്കുന്നതു.

ഇപ്പോൾ ലണ്ടനിലുള്ള പ്രധാനമന്ത്രി റോബർട്ട് മെൻസിസുമായി കൂടിയാലോചിച്ചതിനുശേഷമാണ് ഈ തീരുമാനത്തിലെത്തിയതെന്നു് അദ്ദേഹം പറഞ്ഞു. അമേരിക്കയുമായും ഇക്കാര്യത്തെപ്പറ്റി ചർച്ചചെയ്തിട്ടുണ്ട്. മലയേഷ്യയുടെ രാഷ്ട്രീയ അഖണ്ഡിത്വത്തെക്കും, സ്വാതന്ത്ര്യത്തിനുംവേണ്ടി നിലകൊള്ളുമെന്ന ആസ്ത്രേലിയൻ നിലപാടിൻറെ തെളിവിലാണ് സൈന്യത്തെ അയക്കുന്നതെന്നു് മക്കിവൻ പറഞ്ഞ മലയേഷ്യ തങ്ങളുടെ കോമൺവെൽത്തു പങ്കാളിയാണു്.

ബോണ്ണിയോയിൽ നടക്കുന്ന ഇന്തോനേഷ്യൻ സൈന്യകേന്ദ്രീകരണത്തെ ആസ്ത്രേലിയ ഉൽക്കണ്ഠയോടുകൂടിയാണ് വീക്ഷിക്കുന്നതെന്നു് അദ്ദേഹം വ്യക്തമാക്കി.

മാള മണ്ഡലം കെ. ടി. പി. യോഗം ഇന്നു് ചേരുന്നു

മാള, ഫെബ്രുവരി 4

മാള നിയോജകമണ്ഡലം കർഷക-തൊഴിലാളി പാർട്ടി പ്രവർത്തകരുടെ യോഗം നാളെ വെള്ളാങ്ങല്ലൂർപോസ്റ്റാഫീസിന്റെ 7 മണിക്ക് മണ്ഡലം പ്രസിഡൻറിന്റെ വീട്ടിൽ ചേരുന്നതാണ്. യോഗത്തിൽ കെ. ടി. പി. കേന്ദ്രകമ്മറ്റി മെമ്പർ പോൾ വളപ്പില സംബന്ധിക്കും.

....

തെരഞ്ഞെടുപ്പുരംഗം

നോമിനേഷൻ സമർപ്പിച്ചു

(പി ടി ഐ) കോഴിക്കോട്, ഫെ. 4

കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ താഴെപ്പറയുന്ന മുഖ്യകക്ഷി സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായി ഇന്നു നോമിനേഷൻ സമർപ്പിച്ചു.

കണ്ണൂർ ജില്ല

പയ്യന്നൂർ—എ വി കുഞ്ഞമ്പു, എടക്കാട്—സി കണാരൻ, തലശ്ശേരി—പി കൃഷ്ണൻനമ്പ്യാർ, നീലേശ്വരം—വി വി കുഞ്ഞമ്പു, മഞ്ചേശ്വരം—രാമണ്ണറൈ, മാടായി—കെ പി ആർ ഗോപാലൻ (ഡഡറാനു).

കോഴിക്കോട് ജില്ല

മലപ്പുറം—സായ്ദു പി അഹമ്മദ്കുട്ടി (ഡഡറാനു), പേരാമ്പ്ര—വി വി ദക്ഷിണാമൂർത്തി, നാദാപുരം—സി എച്ച് കണാരൻ (ഡഡറാനു), മേപ്പയൂർ—എം കെ കേളു

അഗസ്റ്റിൻ ജോസഫ് നിര്യാതനായി

എറണാകുളം ഫെ. 4

മലയാള നാടകവേദിയിലെ ഒരു പ്രമുഖനടനും ചലച്ചിത്രനടനുമായിരുന്ന അഗസ്റ്റിൻ ജോസഫ് ഇന്നലെ രാത്രി ഹൃദയസ്തംഭനത്തെത്തുടർന്നു് നിര്യാതനായിരിക്കുന്നു. മലയാള ചലച്ചിത്രം കണ്ട പ്രമുഖ പിന്നണിഗായകനായ യേശുദാസ് പരേതനടൻ പുത്രനാണ്.

..... സ.പ. ലേ.

കപ്പൽനിർമ്മാണശാല കട്ടായം കിട്ടും

കേന്ദ്രമന്ത്രിയുടെ ഉറപ്പ്

(പി. ടി. ഐ.) എറണാകുളം, ഫെ. 4

കൊച്ചി കപ്പൽനിർമ്മാണകേന്ദ്രത്തിൻറെ പദ്ധതി നിശ്ചയമായും നടപ്പിൽവരുമെന്നു് കേന്ദ്ര ഗതാഗതമന്ത്രി രാജ്ബഹദൂർ ഇന്നിവിടെവെച്ച ഉറപ്പുനൽകി.

ഈ പദ്ധതിയുടെ ഉൽഘാടനകർമ്മം നിർവ്വഹിക്കുന്നതിനു് മന്ത്രി ബാംഗ്ലൂരിൽനിന്നു് ഇന്നുരാവിലെ പ്രത്യേകവിമാനത്തിൽ എത്തി.

ജപ്പാനിലെ മിറ്റ്സുബിഷി കമ്പനിയുമായിസഹകരിച്ചുകൊണ്ടു് പൊതുമേഖലയിൽ സ്ഥാപിക്കുന്ന രണ്ടാമത്തെ കപ്പൽ നിർമ്മാണശാലയാണ് കൊച്ചിയിൽ ഉണ്ടാകുവാൻ പോകുന്നതു്.

മണ്ണു പരീക്ഷണം തുടങ്ങി പദ്ധതിയുടെ ആരംഭപ്രവർത്തനങ്ങൾക്കായി 15 ലക്ഷം രൂപയ്ക്കു കേന്ദ്രം നീക്കിവെച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. പദ്ധതി റിപ്പോർട്ടു് ഏപ്രിലോടുകൂടി തയ്യാറാകുമെന്നും അദ്ദേഹം പ്രസ്താവിച്ചു.

ജപ്പാനിസ് പ്രതിനിധി സംഘത്തിൻറെ ചർച്ച

മിറ്റ്സുബിഷി കമ്പനിയുടെ പ്രതിനിധികളും കേന്ദ്ര-സംസ്ഥാന ഉദ്യോഗസ്ഥന്മാരുമായി പദ്ധതിയെ സംബന്ധിക്കുന്ന പൊതുകാര്യങ്ങളും ഇന്നു് ചർച്ചചെയ്തു. മഴ, മണ്ണിൻറെ സ്ഥിതി തുടങ്ങിയ കാര്യങ്ങളാണ് ചർച്ചയിൽ വന്നതു്. കപ്പൽനിർമ്മാണശാലക്കായി തെരഞ്ഞെടുത്ത സ്ഥലം ജപ്പാനീസ് പ്രതിനിധിസംഘം സന്ദർശിക്കുന്നതാണു.

....

ചന്ദനമില്ലാത്തതു് തിരിച്ചടിയായി

(പി ടി ഐ) ഡാക്ക, ഫെ. 4

ഡെംമറാമില്ലിനു് സമീപം ഇന്നലെ രാത്രിയുണ്ടായ ഒരു തീപിടുത്തത്തിൻറെ ഫലമായി 2500 ബാളം പരുത്തി തൊഴിലാളികൾക്കു ഭവനരഹിതരായിരിക്കുന്നതായി ഇന്നു് തൊഴിലാളി യൂണിയൻ പ്രസ്താവിച്ചു.

തീപ്പിടുത്തമുണ്ടായതു് ഒരു വൈദ്യുതകമ്പിയിൽനിന്നുണ്ടായ ഒരു തകരാറുമൂലമാണെന്നറിയുന്നു. അഗ്നിബാധയിൽ 12 ലക്ഷത്തോളം രൂപയുടെ നഷ്ടമുണ്ടായതായി യൂണിയൻകാർ അവകാശപ്പെടുന്നുണ്ടു്.

....

കലക്ടർക്ക് ഭീഷണി

തിരുനൽവേലി, ഫെ. 4

ഇപ്പോൾ പൂട്ടിക്കിടക്കുന്ന കോളജുകൾ ഫെ. 8-നകം തുറക്കുന്നതിനായി ഇതുവരെ തുറക്കാതിരിക്കുകയും മിറ്റിംഗുകളും ജാഥകളും നടത്താൻ പാടില്ലെന്നുള്ള നിരോധനം ഫെ. 8-നകം തുറക്കുന്നതിനായി പിൻവലിക്കുന്നതിനുകയും ചെയ്യാൽ തൻറെ ജീവൻ അപകടത്തിലാകുമെന്നുള്ള ഒരു ഭീഷണിക്കത്തു് തനിക്കയച്ചിരിക്കുന്നതായി ഇന്നു് തിരുനൽവേലി കലക്ടർ പത്രക്കാരോടു് പറഞ്ഞു.

എന്നാൽ താൻ ഈ ഭീഷണിക്കത്തിനെ വകവെക്കുന്നില്ലെന്നും അദ്ദേഹം വെളിപ്പെടുത്തി കത്തിൻറെ ഉള്ളടക്കത്തിൽ പ്രിൻസിപ്പാളന്മാരെയും ഗവർമ്മേണ്ടു് ഉദ്യോഗസ്ഥന്മാരെയും ഭീഷണിപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

എന്നാൽ ഡിസ്ട്രിക്ടിൽ ഇപ്പോൾവളരെശാന്തമായ ഒരു കാലാവസ്ഥയാണുനും അദ്ദേഹംപത്രക്കാരോടു് പറഞ്ഞു.

[പി ടി ഐ]

തൃശ്ശൂർ, ഫെ. 4

ആസന്നമായ കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ കർഷക-തൊഴിലാളി പാർട്ടി നിർത്തുന്ന സ്ഥാനാർത്ഥികളുടേയും പാർട്ടി പിന്തുണ നൽകുന്ന സ്വതന്ത്ര സ്ഥാനാർത്ഥികളുടേയും പ്രഥമലിസ്റ്റ് കെ. ടി. പി. കേന്ദ്രസികുട്ടറിയേറ്റ് ഇന്നിവിടെ പ്രസിദ്ധീകരിച്ചിരിക്കുന്നു. കെ. ടി. പി. പിന്തുണ നൽകുന്ന മറ്റു മണ്ഡലങ്ങളിലെ സ്ഥാനാർത്ഥികളുടെ പേരുവിവരം പിന്നീടു് പ്രസിദ്ധീകരിക്കും.

എസ്. എസ്. പി. യുടെ ഔദ്യോഗികസ്ഥാനാർത്ഥികളും മത്സരിക്കുന്ന നിയോജകമണ്ഡലങ്ങളിൽ കെ. ടി. പി. യുടെ പിന്തുണ അവർക്കു് നൽകുന്നതായിരിക്കും.

കെ. ടി. പി. സ്ഥാനാർത്ഥികൾ

1) വർഗ്ഗീസ് മേച്ചേരി — ഒല്ലൂർ
2) സി. ജെ. ജോൺ — തൃശ്ശൂർ
3) പി. എൽ. ജോസ് — കുന്നംകുളം
4) ബി. വെല്ലിംഗ്ടൺ — മണലൂർ
5) ആർ. ശ്രീനിവാസൻ — ഗുരുവായൂർ
6) ബി. വെല്ലിംഗ്ടൺ — കല്പറ
7) ജോസഫ് മുഞ്ഞേലി — വടക്കേക്കര

കെ. ടി. പി. പിന്തുണ നൽകുന്ന എം. കെ. യു. സ്ഥാനാർത്ഥികൾ

8) ജോൺ മാഞ്ഞൂരാൻ — ഉടുമ്പുംചോല
9) കെ. ടി. മാത്യു ബി. എ. ബി. എഡ്. — പൂഞ്ഞാർ
10) എം. എം. തോമസ്
എം. എ. എൽ. എൽ. ബി. — കരിമണ്ണൂർ
11) എം. സി. മാത്യു എം. എ. — പാല

കെ. ടി. പി—എം. കെ. യു. പിന്തുണ നൽകുന്ന സ്വതന്ത്ര സ്ഥാനാർത്ഥികളും

12) എ. ഡി. കുര്യാക്കോസ്
ബി. എസ്സ്. സി. ബി. എൽ. — മാള
13) മത്തായി മാഞ്ഞൂരാൻ — അങ്കമാലി
14) ബി. സി. വർഗ്ഗീസ് — ചാലക്കുടി
15) രാമു കാര്യാട്ട് — നാട്ടിക
16) പി. പി. വിത്സൻ — ഏറാമലനാർ
17) വി. ഡി. ജോൺ — കടുത്തുരുത്തി
18) സണ്ണി സെബാസ്റ്റ്യൻ — കുട്ടനാട്

കൊല്ലം ജില്ല

ചാത്തന്നൂർ—പത്മരാജൻ,
നേമം—എം പി നാരായണൻനായർ.

ഇതു് പ്രഖ്യാപിച്ചതു് മൻമുഖ്യമന്ത്രി ശങ്കറാണ് ബാക്കി നിയോജകമണ്ഡലങ്ങളിലെ സ്ഥാനാർത്ഥികളുടെ പേരു് എറണാകുളത്തുനിന്നും കെ പി സി സി പ്രസിഡണ്ടു് പ്രഖ്യാപിക്കുന്നതാണു്.

—•—

ഓസ്സറ കോൺ. നേതാവിൻറെ തെരഞ്ഞെടുപ്പ്

(പി ടി ഐ) തിരു. ഫെ. 4

രാജിവെച്ച ഓസ്സറ മുഖ്യമന്ത്രി ഖിരൺമിശ്രയുടെ സ്ഥാനത്തു് ഒരു പുതിയ നേതാവിനെ തെരഞ്ഞെടുക്കുന്നതിനുള്ള കോൺഗ്രസ്സ് നിയമസഭാ കക്ഷിയുടെ യോഗം നാളെത്ത പ്രഖ്യാപിച്ചിരുന്നതുപോലെ ഫെബ്രുവരി പതിനേഴിനല്ല ഫെബ്രുവരി 19-നാണ് കൂടുന്നതെന്നു് കോൺഗ്രസ്സ് പ്രസിഡണ്ടു് കാമരാജ് ഇന്നിവിടെ പത്രക്കാരോടു് പറഞ്ഞു.

എ ഐ സി സി യുടെ നിരീക്ഷകനായി യോഗത്തിൽ സംബന്ധിക്കുന്നതിനു് ആരെയാണ് നിയോഗിക്കേണ്ടതെന്നു് ഇനിയും തീരുമാനിച്ചിട്ടില്ല താൻതന്നെ ഭുവനേശ്വരിലേക്ക് പോകുമോയെന്ന കാര്യവും തീച്ചയില്ലെന്നു് കാമരാജ് പറഞ്ഞു.

—•—

പോണ്ടിച്ചേരിയിൽ ലാത്തിച്ചാർജ്ജു്

പോണ്ടിച്ചേരി,
[പി ടി ഐ] ഫെ. 4

ഫ്രഞ്ചധീനതയിലുള്ള പോണ്ടിച്ചേരിയിൽ പ്രകടനം നടത്തിയ വിദ്യാർത്ഥികളുടെ ഒരു ഘോഷയാത്ര പിരിച്ചുവിടുവാൻ പോലീസ് ഇവിടത്തെ മഹാത്മഗാന്ധി റോഡിൽവെച്ചു് നേരിയ തോതിൽ ഒരു ലാത്തിച്ചാർജ്ജു് നടത്തി.

രണ്ടു വിദ്യാർത്ഥികൾക്കു് തലക്കു് പരിക്കുപറ്റി, മറ്റു് 20 പേർക്ക് നിസ്സാരപരിക്കുകളുണ്ടു്. ഈ തെരുവിലുള്ളൊരു വസതിയിൽ നാട്ടുപ്പെട്ടിരുന്ന ദേശീയ പതാക മാറ്റി, തൽസ്ഥാനത്തു് വിദ്യാർത്ഥികൾ ഒരു കരിങ്കൊടി നാട്ടി വീട്ടിലുണ്ടായിരുന്നവർ അതിനെ ചെറുത്തു തുടർന്നു് കല്ലേറുണ്ടായി. പോലീസ് രംഗത്തുകയും ജനക്കൂട്ടത്തെ പിരിച്ചുവിടുന്നതിനു് ഒരു ലാത്തിച്ചാർജ്ജു് നടത്തുകയും ചെയ്തു.

....•....

ജോൺസൺറെ മോസ്കോ സന്ദർശനകാര്യം

[റോയിട്ടർ] വാഷിംഗ്ടൺ, ഫെ 4

ഇക്കൊല്ലംതന്നെ മോസ്കോ സന്ദർശിക്കുവാൻ കഴിയുമെന്നു് തനിക്കു് ആശയുണ്ടെന്നു് പ്രസിഡണ്ടു് ജോൺസൺ പ്രസ്താവിച്ചിരിക്കുന്നു. സോവിയറ്റുനേതാക്കളും അമേരിക്കയും സന്ദർശിക്കുന്നതാണു്.

സോവിയറ്റുനേതൃത്വത്തെ സ്വാഗതം ചെയ്യുവാൻ മതിയായ കാരണമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

—•—

റിപ്പബ്ലിക്കൻസമരം പിൻവലിക്കുന്നു

(പി ടി ഐ) അമരാവതി, ഫെ. 3

60 ദിവസം നീണ്ടുനിന്ന ദേശവ്യാപകമായ റിപ്പബ്ലിക്കൻ പാർട്ടിയുടെ സത്യാഗ്രഹം പ്രധാനമന്ത്രിശാസ്ത്രി നൽകിയ ചില ഉറപ്പുകളുടെ അടിസ്ഥാനത്തിൽ ഉടൻതന്നെ പിൻവലിക്കുവാൻ കഴിഞ്ഞ ശനിയാഴ്ച റിപ്പബ്ലിക്കൻ പാർട്ടി പ്രസിഡണ്ടു് ബി. കെ. ഗെയ്ക്ക്വാഡ് ഇന്നു് ആഹ്വാനംചെയ്തിരിക്കുന്നു.

....•....

തടങ്കലിൽ കിടന്നവരെ പരോളിൽവിട്ടു

ശ്രീനഗർ, ഫെ 4

കഴിഞ്ഞ സപ്തംബർ 22-നു രാജ്യരക്ഷാനിയമമനുസരിച്ച് അറസ്റ്റ് ചെയ്ത് ജയിലിൽ പാർപ്പിച്ചിരുന്ന ജനു-കാശ്മീർ അസംബ്ലി മെമ്പർമാരായ അബ്ദുൾറഹിമാൻ ബ്യൂട്ട്, പീർയായ ഷാ ഡോഹി ഗുലാം അഹമ്മദ് എന്നീ 3 പേരെ 15 ദിവസത്തെ പരോളിൽ ശ്രീനഗർ ജയിലിൽ നിന്ന് ഇന്നലെ മോചിപ്പിച്ചിരിക്കുന്നു. ഇവർ 3 പേരേയും മുൻ കാഷ്മീർ പ്രധാനമന്ത്രി ഷെയ്ക് ഗുലാം മുഹമ്മദിനോടൊപ്പം അറസ്റ്റ് ചെയ്തിട്ടുള്ളവരാണു്.

ഇതേ ചാർജ്ജിൽ അറസ്റ്റ് ചെയ്തിട്ടുള്ള മറ്റുള്ളവരെയും ഇന്ന് 15 ദിവസത്തെ പരോളിൽ വിട്ടയച്ചു.

ഇവർ ജമ്മുകാഷ്മീരിലെ പ്രമുഖരാണ് ഇവരെ പരോളിൽ വിട്ടയച്ചതു് ഗുണത്തിനാണു് പ്രതീക്ഷിക്കുന്നതെന്നു് പറഞ്ഞു.

—

വിപ്ലവത്തിൻറെ മുഖം കൊടിത്തൊന്നെന്നു് റിപ്പോർട്ടു്

റോയിട്ടർ വാഷിംഗ്ടൺ, ഫെ. 4

ലാവോസ് വിപ്ലവത്തിൻറെ മുഖം കൊടിത്തൊന്നായി വിയൻറിയനിലെ അമേരിക്കൻ എമ്പസിയിൽനിന്നു് യു എസ് ഐ ഓ ഡിപ്പാർട്ടുമെൻറിനു് കിട്ടിയ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. വിപ്ലവസേനകളെ പരാജയപ്പെടുത്തിക്കുവാൻ ഗവർമ്മേണ്ടു് സേനകൾക്കു് കഴിഞ്ഞിട്ടുണ്ടു് സ്ഥിതിഗതികൾ ഇപ്പോൾ നിലക്കാണെങ്കിലും വിയൻറിയനിലെ ഇപ്പോഴത്തെസ്ഥിതി ഗുരുതരമാണെന്നാണ് ഉദ്യോഗസ്ഥന്മാർ കരുതുന്നതു്.

—•—

പത്രക്കടലാസ്സിൻറെ ഇറക്കുമതി കൂട്ടണം

[പി ടി ഐ] ബോംബെ, ഫെ 4

ഇന്ത്യയിലെ പത്രങ്ങൾ പത്രക്കടലാസ്സിനെ സംബന്ധിച്ചേടത്തോളം ഏറ്റവും വിഷമകരമായ ഒരു സ്ഥിതിയെയാണ് അഭിമുഖീകരിക്കുന്നതെന്നും, പത്രക്കടലാസ്സിൻറെ ഇറക്കുമതിക്ക് 2 കോടി ഉറുപ്പിക കൂടി അനുവദിക്കുന്നില്ലെങ്കിൽ സ്ഥിതി കൂടുതൽ വഷളാകുമെന്നും ഫിനാൻഷ്യൽ എക്സ്പ്രസിൻറെ ജനറൽമാനേജർ ജി. എൻ. സാംഹി ഇന്നിവിടെ പ്രസ്താവിച്ചു. കഴിഞ്ഞ 8 കൊല്ലമായി ഓരോ കോടി ഉറുപ്പികവീതമുള്ള കരാറുകളാണ് കടലാസ്സിനുവേണ്ടി തങ്ങൾ ഇറക്കുമതി ചെയ്തിരുന്നതു് പക്ഷെ ഏതാനും കൊല്ലങ്ങൾക്കുള്ളിൽ 200 ദിനപത്രങ്ങളും ആഴ്ചികകളും മാസികകളും, വാരികകളും പൊന്തിവന്നിട്ടുണ്ടു്.

അവക്കാവശ്യമായ കടലാസ്സും ഇറക്കുമതിചെയ്യേണ്ടിയിരുന്നു.

—•—

ഫ്രഞ്ചു് പ്രധാനമന്ത്രി പാക്കിസ്ഥാനിലേയ്ക്കു്

കാഷ്മീർപ്രശ്നം ചർച്ചചെയ്യും

(പി ടി ഐ) കറാച്ചി, ഫെ. 4

കാഷ്മീർപ്രശ്നം സമാധാനപരമായി തുല്യനിലയിൽ പരിഹരിക്കപ്പെടണമെന്നാണ് ഫ്രാൻസിൻറെ അഭിപ്രായമെന്നു് ഫ്രഞ്ചുപ്രധാനമന്ത്രി ജോർജ്ജ് പോപ്പിഡൂ പ്രസ്താവിച്ചതായി ഡോണി'ൻറെ പാരീസ് ലേഖകൻ റിപ്പോർട്ടുചെയ്യുന്നു. അടുത്ത വെള്ളിയാഴ്ച ഒരു ഔദ്യോഗിക സന്ദർശനത്തിനായി പാകിസ്ഥാനിലെത്തുന്ന പ്രധാനമന്ത്രി പാക്നേതാക്കളുമായി വിവിധ പ്രശ്നങ്ങളെ സംബന്ധിച്ചു് ചർച്ചചെയ്യുന്നതാണ്.

കാഷ്മീർപ്രശ്നം സൂയസ്സിനെ കുറിച്ചു് നടക്കുന്ന ആയുധപരതയെ എന്നിവയെപ്പറ്റി പ്രസിഡണ്ടു് അയൂബ്ഖാൻ പ്രസിദ്ധീകരിച്ച പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ളതിനെപ്പറ്റിയും ചർച്ചചെയ്യുമെന്നു് പ്രതീക്ഷിക്കുന്നു.

ഒന്നാം കേരളാസ്പോർട്സ് ഫെസ്റ്റിവൽ

ഇന്നു് തൃശ്ശൂർ തോപ്പ് സ്റ്റേഡിയത്തിൽ ആരംഭിക്കുന്നു

[സ്വ ലേ] തൃശ്ശൂർ, ഫെബ്രുവരി 4

മെയ്യനം കേരളാസ്പോർട്ട്സ് ഫെസ്റ്റിവൽ ഫെബ്രുവരി 5, 6, 7 എന്നീ തീയതികളിൽ തൃശ്ശൂർ തോപ്പ് സ്റ്റേഡിയത്തിൽ വെച്ചു് നടത്തപ്പെടുന്നതാണ്. നാളെ ഉച്ചതിരിഞ്ഞു് 2 മണിക്കു് മുനിസിപ്പൽ ചെയർമൻ സി സി ജോജ്ജ് ഫെസ്റ്റിവൽ ഉൽഘാടനംചെയ്യുന്നതും 7-നു-ന-ലെ സമാപനചടങ്ങുകളിൽ തൃശ്ശൂർ ബിഷപ്പ് ഡോ: ജോജ്ജ് ആലപ്പാട്ടു് തിരുമേനി അദ്ധ്യക്ഷതവഹിക്കുന്നതുമായിരിക്കും.

സ്റ്റേറ്റ്സിൻറെ നടത്തിപ്പിനായിതൃശ്ശൂരിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള കമ്മറ്റിയുടെ ഒരു യോഗം മേസൻറ്തോമസ് കോളേജ്ഹാളിൽ പ്രിൻസിപ്പൽ റവ: ഡോ: തോമസ് മുതേടൻറെ അധ്യക്ഷതയിൽ കൂടുകയുണ്ടായി.

സ്റ്റേറ്റ്സ് ഫെസ്റ്റിവലിൻറെ നടത്തിപ്പിനായി 25000 രു. ഗവണ്മെണ്ടു് ഗ്രാൻറ് അനുവദിച്ചിട്ടുണ്ടെങ്കിലും അതിൻറെ വിനിയോഗത്തെ സംബന്ധിച്ചു് ഇവിടെ രൂപീകരിക്കപ്പെട്ടിട്ടുള്ള കമ്മറ്റിക്ക് യാതൊരധികാരവും ഇല്ലെന്നതിൽ അംഗങ്ങൾ പ്രതിഷേധം പ്രകടിപ്പിക്കുകയുണ്ടായി.

സ്റ്റേറ്റിൻറെ വിവിധഭാഗങ്ങളിൽനിന്നു വന്ന മത്സരക്കാർക്ക് കൺസഷ്യനോടുകൂടി തേഡ്ക്ലാസ് ടിക്കറ്റ് ചാർജ്ജുകളും ദിനബത്തയായി 4 രൂപീതവും കൊടുക്കപ്പെടുന്നതാണ്. പുരുഷന്മാരുടെ വരുന്നവക്ക് താമസസൗകര്യത്തിനായി പുരുഷന്മാർക്ക് സെൻറോമസ് ഹൈസ്കൂളും, സ്ത്രീകൾക്ക് സേക്രഡ്ഹാർട്ട്സ് ഹൈസ്കൂളും, മോഡൽ ഹൈസ്കൂളും എന്നിവയുമാണ് സജ്ജമാക്കിയിട്ടുള്ളതു്.

തോപ്പ്സ്റ്റേഡിയത്തിൽ പ്രവേശനം ടിക്കറ്റുമൂലം നിയന്ത്രിക്കപ്പെടുന്നതാണു്. ഓരോദിവസത്തേയും കളികാം കാണുന്നതിനു് സ്കൂളുകളിലെ കുട്ടികളും മുഖ്യവേദികളിൽ 10 പൈസയും പുരുഷന്മാർ 15 പൈസയും കസേരക്കു സ്ത്രീപുരുഷന്മാർക്കു മെന്യേ 1 രൂപയും ടിക്കറ്റ് ചാർജ്ജ് കൊടുക്കണം.

തിരുവനന്തപുരത്തു് ഹൈസ്കൂൾ സായിട്ടുള്ള സ്പോർട്സ് കൗൺസിലാണു സ്റ്റേറ്റ് സ് ഫെസ്റ്റിവലിൻറെ ചാർജ്ജ് വഹിക്കുന്നതു്. നാലുദിവസമായി അവതരിപ്പിക്കുന്ന ഈ മാമാങ്കം സെന്തോമസ് കോളേജിലേക്ക് മാറ്റപ്പെട്ടിരിക്കുകയാണു്.

പബ്ലിസിറ്റിക്കൺവീനർ ശ്രീമാൻ റാഫി കെ മാത്യൂവാണു് ഇന്നത്തെ പത്രസമ്മേളനത്തിനു വിളിച്ചുവരുത്തി പ്രസംഗം ആരംഭിച്ചതു്.

കൃഷ്ണനികരം സത്യത്തിൽനിന്നു് മാർഗ്ഗത്തിൽനിന്നു് വ്യതിചലിക്കാനും മാറാനും ഇടയിയതാണ് ഇന്നത്തെ അധഃപതനത്തിനു് കാരണം എന്നു തിരുമേനിപറഞ്ഞു.

—

കേരളം 'ചുവപ്പ്'ക്കരുതേ!

എ. എം. തോമസ്സ് തിരുമേനിമാരോടഭ്യർത്ഥിക്കുന്നു

[സ്വ ലേ] എറണാകുളം, ഫെ. 4

കേരളമിന്നു് അപകടകരമായ ഒരവസ്ഥയിലാണെന്നും ഇതിനു് അടിയന്തിരപരിഹാരം കാണേണ്ടതുണ്ടെന്നും തന്നെപ്പോലുള്ളവരും മറ്റു് വന്ദ്യവൈദികരും ഇന്ത്യയിൽ പൗരോഹിത്യത്തിനുള്ള പ്രാധാന്യം കേരളത്തിൽ കൂടുതൽ കാണുന്നുണ്ടെന്നുള്ള കേരള എപ്പിസ്കോപ്പൽ ചർച്ച് കൗൺസിലിസ്സ് അധ്യൻനത്തിലായി എറണാകുളം സിവിൽസ്റ്റേഷനിൽ വെച്ചു് തിരുമേനിമാരോടായി അഭ്യർത്ഥിച്ചിരിക്കുന്നു.

മാത്തോമാസഭാധ്യക്ഷനായ മോസ്റ്റ് യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തക്ക് എറണാകുളം മാർത്തോമാ ചർച്ചിൻറെ ജൂബിലിമന്ദിരത്തിൽ ഒരവ. ഡബ്ലിയു. യു. സി. എ. ഓഡിറ്റോറിയത്തിൽവെച്ചു് നൽകിയ ഒരു സ്വീകരണത്തിൽ മോസ്റ്റ് പറഞ്ഞുകൊണ്ടു് സംസാരിക്കുകയായിരുന്നു അദ്ദേഹം. വരാപ്പുഴ മെത്രാപ്പോലീത്ത, കൊച്ചി മെത്രാൻ, വരാപ്പുഴ വികാരി ജനറൽ, മുൻസിപ്പൽ ചെയർമൻ എന്നിവർ പ്ലാറ്റ്ഫോമിൽ ഇരുന്നിരുന്നു.

'മതവും രാഷ്ട്രവും കൂട്ടിക്കലർത്തരുതു്' എന്ന വിഷയത്തെക്കുറിച്ചു് താൻ ഉപന്യാസവായിച്ചുവെച്ചു് സംസാരിച്ചതായി വന്ന വാർത്തയെ പാടെ നിഷേധിച്ചുകൊണ്ടാണ് തിരുമേനി മറുപടി പ്രസംഗം ആരംഭിച്ചതു്.

കൃസ്ത്യാനികൾ സത്യത്തിൽനിന്നു് മാർഗ്ഗത്തിൽനിന്നു് വ്യതിചലിക്കാനും മാറാനും ഇടയിയതാണ് ഇന്നത്തെ അധഃപതനത്തിനു് കാരണം എന്നു തിരുമേനിപറഞ്ഞു.

—

ജോസ് കട്ടഞ്ചേരിയുടെ ശവസംസ്കാരം

തൃശ്ശൂർ ഫെ. 4

ഇന്നലെ നിര്യാതനായ ശ്രീ ജോസ് കട്ടഞ്ചേരിയുടെ ശവസംസ്കാരം ഇന്നു് ഉച്ചതിരിഞ്ഞു് 5 മണിക്ക് വെ. റവ. ഫാ. ജോജ്ജ് ചിറമ്മലിൻറെ പ്രധാനകാർമ്മികത്വത്തിലും നിരവധി വൈദീകരുടേയും സന്ന്യാസ്യത്തിലും ലൂർദ് പള്ളി സെമിത്തേരിയിൽ നടത്തപ്പെട്ടു് ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ടിൻറെ ഡയറക്ടർ റവറവ. മോ. പോൾ ചിറാലിപ്പറമ്പിൽ മുഖ്യകാർമ്മികത്വത്തിൽ കൂടിയ സംസ്കാരശുശ്രൂഷകൾക്കുശേഷമാണ് മൃതശരീരം സംസ്കരിച്ചതു്. ഇന്നലെ രാവിലെ 10 മണിമുതൽ ഇന്നു് ഉച്ചതിരിഞ്ഞു് 3 മണിവരെ മൃതശരീരം പൊതുദർശനത്തിനായി വീട്ടിൽ വെച്ചിരുന്നു. ഇന്നലെ രാത്രി 10 മണിക്കു് ആരംഭിച്ച പ്രാർത്ഥനാശുശ്രൂഷകൾക്കു് ഫാ. ജോസ് കട്ടഞ്ചേരിയുടെ അകാലവേർപാടിൽ അനുശോചനം രേഖപ്പെടുത്തുകയുണ്ടായി.

ഡിസ്ട്രിക്ട് ഭരണം

നടപ്പാക്കുന്നു

മുല്ലക്കര, ഫെ. 3

കല്ലൂർ വടക്കുമുറി പൊതുജനങ്ങൾക്കുവേണ്ടി എന്ന

തൊഴിലാളി

പൊസ്റ്റ് "ഓഫീസ്"	90
മലയാളത്ത്	125
ഫ്രഞ്ചിപ്രദേശത്ത് തന്നെ	455

1965 ജനുവരി 5-ംനു- വെള്ളി

കേരള തിരഞ്ഞെടുപ്പ്

V

ധാരണകൾ

ജനസമ്മതമായ തിരഞ്ഞെടുപ്പിൽ ഇവിടത്തെ പ്രധാന രാഷ്ട്രീയസംഘടനയായ കോൺഗ്രസ്സിനേയോ ഇന്നാട്ടുകാരായ കേരളീയർ പുലർത്തുന്ന മനോഭാവത്തെയുമാണു്, എന്നായിരിക്കണമെന്നും ഞങ്ങൾ മുൻഅവസരങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളതാണു്. നാട്ടുകാർ എന്തൊക്കെ വിചാരിച്ചാലും ഇത്തവണത്തെ തിരഞ്ഞെടുപ്പിൽ ആകെയുള്ള 133 നിയമസഭാ മണ്ഡലങ്ങളിൽ 83 എണ്ണത്തിലും കോൺഗ്രസ്സ് പ്രതിനിധികളെ തോൽപ്പിക്കണമെന്നും അതിനു ചടുവിലും തൊഴിലാളി മുഖപത്രമായ തൊഴിലാളി എന്ന പ്രസിദ്ധീകരണത്തിനു് ഓരോ നിയമസഭാ വിദഗ്ദ്ധമണ്ഡലത്തിലും വ്യക്തമായ പ്രസ്ഥാനങ്ങൾക്ക് പ്രസക്തിയുണ്ടാക്കുകയും അവയുടെ പ്രസ്ഥാനങ്ങൾക്ക് പ്രചാരണം നൽകുകയും ഞങ്ങളുടെ മുൻഅവസരങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളതാണു്. നാട്ടുകാർ എന്തൊക്കെ വിചാരിച്ചാലും ഇത്തവണത്തെ തിരഞ്ഞെടുപ്പിൽ ആകെയുള്ള 133 നിയമസഭാ മണ്ഡലങ്ങളിൽ 83 എണ്ണത്തിലും കോൺഗ്രസ്സ് പ്രതിനിധികളെ തോൽപ്പിക്കണമെന്നും അതിനു ചടുവിലും തൊഴിലാളി മുഖപത്രമായ തൊഴിലാളി എന്ന പ്രസിദ്ധീകരണത്തിനു് ഓരോ നിയമസഭാ വിദഗ്ദ്ധമണ്ഡലത്തിലും വ്യക്തമായ

പ്രധാന മന്ത്രി ശാസ്ത്രിയുടെ തെരഞ്ഞെടുപ്പ് ലേലംവിളി

ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ ലാൽബഹദൂർശാസ്ത്രിയുടെ കേരള തലസ്ഥാന സന്ദർശനവും, കോൺഗ്രസ് പ്രസിഡണ്ട് ശ്രീ കാമരാജനാടാരുടെ 'സ്ഥാനാർത്ഥിനിർണ്ണയ പേച്ചുകളു'മായിരുന്നു കഴിഞ്ഞ വാരത്തിലെ തലസ്ഥാനവിശേഷങ്ങളിൽ സർവ്വപ്രധാനം: താങ്ങാനാവാത്ത ഭാരം വഹിക്കുക മൂലമായിരിക്കണം വേദനിക്കുന്ന ഒരു ഹൃദയവുമായി പരിക്ഷീണനായി ജനങ്ങളെ അഭിമുഖീകരിച്ച പ്രധാന മന്ത്രി ശ്രീ ലാൽബഹദൂർ ജനങ്ങളെ സംബന്ധിച്ചേടത്തോളവും ഏറെ ഹൃദയവേദനയുളവാക്കുന്ന ഒരു ദൃശ്യമായിരുന്നു എന്നു പറയുമ്പോൾ അത് ഇന്ത്യൻ പ്രധാനമന്ത്രിയോടുള്ള ഒരനാദരവായി വ്യാഖ്യാനിക്കപ്പെടരുത്.

ആഭ്യന്തരകാര്യമന്ത്രി എന്ന നിലയിൽ ശ്രീ ലാൽബഹദൂർശാസ്ത്രി പലവുരു തിരുവനന്തപുരം സന്ദർശിച്ചിട്ടുണ്ട്. അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിവുള്ള ചുറുചുറുക്കുള്ള മിതഭാഷിയായ ആ കുറിയ മനുഷ്യന്റെ കഴിവുകൾ എക്കാലവും മാനിക്കപ്പെട്ടിരുന്നു. ആദരിക്കപ്പെട്ടിരുന്നു. പക്ഷെ ജവഹർലാലിന്റെ കസേരയിലേക്ക് അവരോധിക്കപ്പെട്ട ശ്രീ ശാസ്ത്രി ഏതാനും മാസങ്ങൾക്കുശേഷം ഇത്തവണ കേരളത്തിൽ വന്നു കണ്ടപ്പോൾ ശാരീരികവും മാനസികവുമായി അത്യന്തം പരിക്ഷീണനായി കാണപ്പെട്ടു.

ആന്തരികവേദനയുടെ പ്രതിഫലനം

ശാസ്ത്രിജിയുടെ സ്വതസിദ്ധമായ പ്രസാദാത്മകതയ്ക്കു പകരം ആന്തരികവേദനയുടെ വ്യക്തമായ പ്രതിഫലനമാണ് ചുമന്നുതുടുത്ത ആ മുഖത്ത് ഇത്തവണ ഇവിടെ ആദ്യന്തം കാണാൻ കഴിഞ്ഞത്. ജവഹർലാലിന്റെ സ്ഥാനത്ത് അവരോധിതനായിരിക്കുന്ന ശ്രീ ശാസ്ത്രിക്ക് 'മൺമറഞ്ഞ ആ മഹാജനപ്പോലെ ജനഹൃദയങ്ങൾ വശീകരിക്കാൻ കെൽപ്പുണ്ടാകുമെന്ന്' ആരും കരുതിയിട്ടില്ല. ആ നിലക്ക് ശാസ്ത്രിക്ക ലഭിച്ച ഈ സ്വീകരണത്തെ മുൻപ്രധാനമന്ത്രിക്ക് ലഭിച്ച സ്വീകരണങ്ങളുമായി തുലനം ചെയ്യുന്നത് നിരർത്ഥകവുമാണ്. പക്ഷെ പ്രശ്നമതല്ല, പുതിയ പ്രധാനമന്ത്രിയെ 'ജനങ്ങളിൽനിന്ന്' അങ്ങേഅറ്റം അകറ്റി നിറുത്താൻ പര്യാപ്തമാകാവുന്ന പോലീസ് കരുതൽ നടപടികളുടെ ഔചിത്യമാണ് ഇന്നിവിടെ സാർവ്വത്രികമായി ചോദ്യം ചെയ്യപ്പെടുന്നത്. ജവഹർലാൽ കോൺഗ്രസ് പ്രചരണത്തിനും അല്ലാതെയും പലവുരു കേരളം സന്ദർശിച്ചിട്ടുണ്ട്. അന്നൊന്നും വിമാനത്താവളത്തിൽ പൊതുജനങ്ങൾക്ക് പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നില്ല. യോഗങ്ങൾക്കുള്ള ക്ഷണക്കുറികൾ ഇത്തവണത്തെപ്പോലെ നിയന്ത്രിക്കപ്പെട്ടിരുന്നില്ല. ശ്രീ ശാസ്ത്രിയുടെ സന്ദർശനവേളയിൽ ഇക്കുറി സംഭവിച്ചതാണ്. വണ്ടിറങ്ങിയ നിമിഷം മുതൽ 'എട്ടും പൊട്ടും തിരിയാത്ത ഒരു കൊച്ചുകുഞ്ഞിനെ കണ്ണും കൂട്ടും കാണിക്കുന്ന കലാവിരുതോടെ കെ പി മാധവൻ നായരും മററു പോലീസ് ഉദ്യോഗസ്ഥന്മാരും ഇന്ത്യയുടെ പ്രധാനമന്ത്രിയെ കൈകാര്യം ചെയ്യുകയായിരുന്നു വസ്തുവത്തിൽ ഇവിടെ നടന്നത്. ഒരു പക്ഷേ മദ്രാസിലെയും മററും ഹിന്ദിവിരുദ്ധ പ്രക്ഷോഭണക്കൊടുങ്കാററ് ഇത്തരം ഒരു കരുതൽ നടപടിക്ക് പ്രേരിപ്പിച്ചതായിരിക്കാം. പക്ഷേ ഒരു തെരഞ്ഞെടുപ്പു പ്രചരണപര്യടനവേളയിൽ ഇത്തരം രക്ഷാവ്യവസ്ഥകൾ പൊതുജനങ്ങളിലുണ്ടാക്കുന്ന പ്രതികരണംകൂടി ഇതിനെല്ലാം ചരടുപിടിക്കുന്നവർ ആലോചിക്കാത്തത് അവർക്കുതന്നെ ദൂഷ്യം ചെയ്യുമെന്നുമാത്രം.

ആ പ്രസംഗത്തെപ്പററി

തിരുവനന്തപുരത്ത് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലായിരുന്നല്ലോ പ്രധാനമന്ത്രി തന്റെ ആദ്യത്തെ കോൺ. പ്രചരണ പ്രസംഗം നടത്തിയത്. പ്രസംഗം കേൾക്കാൻ ആളുകൾ കുറവായിരുന്നു എന്നതുപോകട്ടെ, ആ പ്രസംഗം മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്താൻ ചെയ്ത ഏർപ്പാട് ഇംഗ്ലീഷ് അറിയാവുന്ന പിഞ്ചുബാലന്മാരുടെപ്പോലും പരിഹാസത്തിനു പാത്രമായി. ഒരുവരം ലളിതമായ ഇംഗ്ലീഷ്‌വാക്കുകൾ സമൂലം തെററായി തർജ്ജമചെയ്ത് തിരുവനന്തപുരത്ത് ഒരു പൊതുയോഗത്തിൽ വിളമ്പിയിട്ടും ജനങ്ങൾ കൂക്കിവിളിക്കാതെ അടങ്ങിയിരുന്നത് രാഷ്ട്രനായകനോടുള്ള ബഹുമാനമൊന്നുകൊണ്ടുമാത്രമായിരുന്നു. അതുപോകട്ടെ പ്രധാനമന്ത്രിയുടെ ആദ്യത്തെ പ്രസംഗത്തിൽ അദ്ദേഹം അംഗീകരിച്ച സമീപനവും അല്പം വിലകുറഞ്ഞതായിപ്പോയി എന്നാക്ഷേപമുണ്ട്. കേരളത്തിലെ ജനങ്ങൾ കോൺഗ്രസ്സിനു വോട്ടുചെയ്ത് ആ കക്ഷിയെതന്നെ അധികാരത്തിലേററിയില്ലെങ്കിൽ 'നിങ്ങൾക്കൊക്കെ കഷ്ടം' എന്ന് അർത്ഥംവരത്തക്കവിധം സ്റ്റീഫൻസ്റ്റാന്റേർഡിലുള്ള ഒരു ഭീഷണി ആ പ്രസംഗത്തിൽ ഉൾക്കൊണ്ടിരുന്നു എന്നതാണ് ആക്ഷേപം. ഒരു കാമരാജിനോ ആർ. ശങ്കർക്കോ സി എം സ്റ്റീഫനോ ഒക്കെ ഒരു തെരഞ്ഞെടുപ്പു പ്ലാററ്ഫോമിൽ അങ്ങിനെ പ്രസംഗിക്കാം. പക്ഷെ ഇന്ത്യയുടെ മഹാനായ പ്രധാനമന്ത്രി പരോക്ഷമായെങ്കിലും ഈ ജനാധിപത്യയുഗത്തിൽ ഭീഷണിയുടെ ചുവയുള്ള ഒരു വാചകം 'പറയുക' ഉചിതമല്ല എന്ന് ഇവിടത്തെ ബുദ്ധിജീവികൾക്കഭിപ്രായമുണ്ട്.

ആക്ഷേപാർഹമായ വാഗ്ദാനങ്ങൾ

അതുപോലെതന്നെ ആക്ഷേപാർഹമായിരുന്നു, അദ്ദേഹം ആ പ്ലാററ്ഫോമിൽനിന്നും കേരളത്തിലെ ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ 'നിങ്ങൾക്കു ഞാൻ കപ്പൽ നിർമ്മാണകേന്ദ്രം തരാം, ഒരു ഫർട്ടിലൈസർ ഫാക്ടറികൂടി തരാം, ഒരു സിമൻറ് ഫാക്ടറിയും ഒരു ഫോട്ടോ കെമിക്കൽസ് ഫാക്ടറിയും തരാം. കടലാക്രമണം തടയാനാവശ്യമായ തുക മുഴുവൻ തരാം, ഇവിടത്തെ ഭക്ഷ്യോല്പാദനം 30 ശതമാനം കൂടി വർദ്ധിപ്പിച്ചുതരാം പക്ഷെ ഇതെല്ലാം വേണമെങ്കിൽ നിങ്ങൾ കോൺഗ്രസ്സിനു വോട്ടുചെയ്യണം എന്ന് ഇതേരൂപത്തിൽ പറഞ്ഞില്ലെങ്കിലും 'വിശദാംശങ്ങളിലേക്കു കടന്നു ശാസ്ത്രിജി നടത്തിയ ഈ വാഗ്ദാനങ്ങൾ മഹാനായ പ്രധാന മന്ത്രിയെ സ്വന്തം ചരക്ക് ലേലംവിളിക്കുന്ന ചന്തക്കച്ചവടക്കാരന്റെ നിലവാരത്തിലേക്ക് പിടിച്ചു തള്ളാനല്ലേ ഉപകരിച്ചതെന്ന് സംശയിക്കുന്നവരുണ്ട്. ആ വിഷയം അവിടെ നിൽക്കട്ടെ.

ഗതികെട്ട സംസ്ഥാനം

'കഷ്ടം ഗതികെട്ട ഒരു സംസ്ഥാനമാണിത്''. കേരളത്തിൽ തിരുവനന്തപുരത്ത് ശ്രീ. കാമരാജിനോടൊപ്പം മൂന്നു നാലു ദിവസം താമസിച്ച് ഇവിടത്തെ ഔദ്യോഗിക കോൺഗ്രസ്സുകാരുടെ തമ്മിൽത്തല്ലിനും, കാലുവാരലിനും ദൃക്സാക്ഷിയായിരുന്ന വടക്കേ ഇന്ത്യക്കാരനായ ഒരു എം. പി. മടങ്ങിപ്പോകുന്നതിനുമുമ്പ് ഇവിടുത്തെ രാഷ്ട്രീയത്തെ 'അസസ്സ്' ചെയ്തുകൊണ്ടു പറഞ്ഞ വാചകങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. കാമരാജല്ല, സഞ്ജീവറെഡ്ഡിയല്ല, അതുല്യഘോഷല്ല 'പഞ്ചുമന്ത്രൻ' വിചാരിച്ചാൽപ്പോലും ഇവിടെ ഇത്തവണ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ രക്ഷിക്കാൻ പററില്ലെന്ന് ഈ നല്ലവനായ നേതാവ് എന്നോട് സമ്മതിച്ചു. അദ്ദേഹമിതു പറയുമ്പോൾ തിരുവനന്തപുരം റസിഡൻസിയിൽ '3ദിവസം സർക്കസ് നടത്തി' തയ്യാറാക്കിയ ഔദ്യോഗിക കോൺഗ്രസ്സ് സ്ഥാനാർത്ഥി ലിസ്റ്റും അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്നു. പേരുകൾ വായിച്ചു ചിരിച്ചുകൊണ്ട് ഹൃദയം തുറന്ന് സംസാരിച്ച നല്ലവനായ ആ വടക്കൻ നേതാവിനെപ്പററി കൂടുതൽ ഒന്നും പറയുന്നില്ല.

മൂന്നുവിഭാഗം സ്ഥാനാർത്ഥികൾ

പക്ഷെ അദ്ദേഹവുമായി നടത്തിയ സംഭാഷണത്തിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞ ചില കാര്യങ്ങൾ പറയാം: തോൽക്കാൻവേണ്ടി നിർത്തിയിരിക്കുന്നവർ ജയിക്കുമെന്ന് കരുതപ്പെടുന്ന സ്ഥാനാർത്ഥികൾ ഇങ്ങനെ മൂന്നു വിഭാഗമായിട്ടാണ് കാമരാജൻ കോൺഗ്രസ്സ് സ്ഥാനാർത്ഥിലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. ജയിച്ചുകാണാൻ അദ്ദേഹം അഭിലഷിക്കുന്ന 'ശങ്കർ–സ്റ്റീഫൻ പ്രഭൃതികൾക്കെല്ലാം' അവരാവശ്യപ്പെട്ട നിയോജകമണ്ഡലങ്ങൾ അദ്ദേഹമനുവദിച്ചിട്ടുണ്ട്. മററ നിയോജകമണ്ഡലങ്ങളിൽ പലതിനേയും സംബന്ധിച്ചേടത്തോളം 'കോൺഗ്രസ്സിലേക്കുള്ള ഏഴകളായ ഈഴവപ്രവാഹം' എന്ന ശങ്കർ തീസ്സീസ് അംഗീകരിച്ചാണ് കാമരാജ് സ്ഥാനാർത്ഥികളെ തെരഞ്ഞെടുത്തിരിക്കുന്നത്. 'ഈ തീസ്സീസ്സിന്റെ' പൊള്ളത്തരം മനസ്സിലാക്കുകയും അതു തുറന്നു പറയുകയും ചെയ്ത ഒരാൾ പാർലമെൻററി ബോർഡിലുണ്ടായിരുന്നതു ശ്രീ എസ്സ് കെ പാട്ടീലാണ്. പക്ഷേ കോൺഗ്രസ്സിന്റെ 'പെരിയോര്' താൻ പറഞ്ഞതു ബോദ്ധ്യമാകുന്നില്ലെന്നു കണ്ടപ്പോൾ ലിസ്റ്റ് തയ്യാറാക്കുകയും മത്സരം ജയിക്കുകയും തോല്പിക്കുകയും ചെയ്യുന്ന ചുമതല മുഴുവൻ ആ പെരിയോരെതന്നെ ഏല്പിച്ച് അദ്ദേഹം നേരത്തെ കെട്ടുമുറുക്കുകയും ചെയ്തു. എന്തായാലും കേരളത്തിലെ ഔദ്യോഗിക കോൺഗ്രസ് നേതൃത്വത്തെ സംബന്ധിച്ചിടത്തോളം അവർക്ക് മനസ്സിലായിക്കഴിഞ്ഞിട്ടുള്ള ഒരു വസ്തുതയുണ്ട്. ഈ തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം പോയിട്ട് 'ഭൂരി' യുടെ പോലും അടുത്തെങ്ങും അവർക്ക് എത്താൻ കഴിയില്ല. എന്നതാണത്. ചരിത്രപരമായ ഈ യാഥാർത്ഥ്യം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ അംഗീകരിച്ചു അടുത്ത അടവുകൾക്കുള്ള ചവിട്ടുപടിയായി മാത്രം ഈ തെരഞ്ഞെടുപ്പിനെ കണ്ടുകൊണ്ട് രംഗത്തിറങ്ങിയിരിക്കുന്ന വമ്പന്മാരിൽ മുമ്പൻ ആർ ശങ്കറാണ്.

പട്ടത്തിന്റെ പാഠം

രാഷ്ട്രീയത്തിൽ എപ്പോഴും നല്ലത് ഒരു വിവാദപുരുഷനായി നിൽക്കുകയും നില്ക്കുന്നിടത്തോളംകാലം താൻ ശക്തനാണെന്ന ധാരണ മററുള്ളവരിലേക്ക് പകരുകയും ചെയ്യാൻ അതാണ് മേൽഗതിക്കുള്ള മാർഗ്ഗം എന്ന പാഠം പട്ടംതാണുപിള്ളയിൽനിന്നു പാഠിച്ചതാണ് അദ്ദേഹം ഇന്നിവിടെ പയററിനോക്കുന്നത്. കേരളത്തിൽ ഇനി മുഖ്യമന്ത്രിയാകാമെന്ന വ്യാമോഹിക്കാൻമാത്രം ശങ്കർ ബുദ്ധിശൂന്യനല്ല. പക്ഷെ ഇവിടെ ഒരു വിവാദപുരുഷനായി തന്നെ ഒരു ഗ്രൂപ്പിന്റെ പിൻബലത്തോടെ പിടിച്ചുനിന്നാൽ പറന്നുചാടാവുന്ന സ്ഥാനങ്ങൾ പുറത്തു വേറെയുണ്ടെന്ന് അദ്ദേഹത്തിനറിയാം. ഈ ശങ്കറിന്റെ നോട്ടമതാണ്. ശങ്കറിനെ നിർത്തി മത്സരിപ്പിച്ച് ജയിപ്പിക്കാനാഗ്രഹിക്കുന്ന കാമരാജിന്റേയും അന്തിമമായ ലാക്കതാണ്. 'ആരോ പറഞ്ഞതുപോലെ' കാമരാജല്ലവാ കോൺഗ്രസ്സല്ലവാ ഇങ്കെ പലതും നടക്കും. 'നടക്കാൻ പോകുന്ന യാത്രകളുടെ അണിയറ ഒരുക്കങ്ങളായിമാത്രം ഈ തിരഞ്ഞെടുപ്പിനെ കാണാൻ കഴിയുമാവണം. അതാണിന്നത്തെ ആവശ്യം. അതാണ് പാശ്ചാത്തലത്തിൽ മുഴച്ചുനിൽക്കുന്ന യാഥാർത്ഥ്യം.

....

രഹസ്യം പരസ്യമാക്കാമോ?

(2-ാം പേജിൽനിന്നും തുടർച്ച)

പോലെ അനുക്രമം നമ്പറിട്ട ഫാ. ഹെറിബർട്ട് ജോൺ തന്റെ ഗ്രന്ഥത്തിൽ ഒന്നും പ്രസ്താവിച്ചിട്ടില്ല: 2 ശ്രീ പുത്തൻതറ ഉദ്ധരിക്കുന്ന ഭാഗങ്ങൾ കമ്പസാര രഹസ്യത്തെയോ, ഭാര്യാഭർത്തൃരഹസ്യത്തെയോപരാമർശിക്കുന്നവയല്ല. 3 അദ്ദേഹം ഒന്നാമതായി ഉദ്ധരിക്കുന്ന ഭാഗം രഹസ്യം പരസ്യമാക്കാമെന്നല്ല, സ്വന്തം അദ്ധ്വാനംകൊണ്ട് സമ്പാദിച്ചിട്ടുള്ള സ്വകാര്യ അറിവുകൾ സ്വന്തപ്രയോജനത്തിനുവേണ്ടി ഉപയോഗിക്കാമെന്നാണ് വ്യക്തമാക്കുന്നത്. അതേസമയം അതു മററാരാൽ അർപ്പിച്ചിട്ടുള്ള രഹസ്യമാണെങ്കിൽ സ്വന്തപ്രയോജനത്തിനുപോലും ഉപയോഗിച്ചുകൂടെന്നാണ് അനുശാസനം.

4. ശ്രീ. പുത്തൻതറ രണ്ടാമതായി ഉദ്ധരിക്കുന്ന ഭാഗം മററൊരാൾ വിശ്വസിച്ച പറഞ്ഞേല്പിച്ചിട്ടുള്ള രഹസ്യത്തെ സംബന്ധിച്ചാണ്. അത്തരം രഹസ്യം പരസ്യപ്പെടുത്തുന്നതു പ്രത്യേകമായവിധം ഗുരുതരമായ ഒരു പാപമാകുന്നുവെന്നാണ് ഫാദർ ഹെറിബർട്ട് ജോൺ പറയുന്നത്. (കുടുവാത്തോമ്മാ വിശ്വസിച്ച് തന്റെ ഭാര്യയോട് പറഞ്ഞ രഹസ്യങ്ങൾ ഒരു വ്യക്തിയെന്ന നിലയിൽപോലും അവൾക്ക പരസ്യപ്പെടുത്താവതല്ലെന്ന് ചുരുക്കം.) ഈ ഭാഗം ഉദ്ധരിക്കുന്നിടത്ത് ശ്രീ. പുത്തൻതറ ഗുരുതരമായ ഒരു വഞ്ചന കാണിച്ചിരിക്കുന്നു. അതുവഴി ഫാദർ ഹെറിബർട്ട് ജോണിന്റെ ആശയത്തിനു കടകവിരുദ്ധമായ ഒരു ആശയം വായനക്കാരുടെ മുമ്പിൽ സമർപ്പിക്കുന്നു.

5. ആ ഉദ്ധരണത്തിൽതന്നെ അവസാനവാചകം പകുതിക്കുവെച്ച് വെട്ടിമുറിച്ചിരിക്കുന്നു. നിരപരാധിയായ ഒരാൾക്കു വിപത്തുണ്ടാകുമ്പോൾ രഹസ്യം ലംഘിക്കാമെന്നു ഫാദർ ഹെറിബർട്ട് ജോൺ പറയുന്നില്ല. രഹസ്യം ഏല്പിച്ച ആളിൽനിന്ന് നിരപരാധിയായ ഒരാൾക്കു വിപത്തുണ്ടാകുമ്പോൾ, മേലധികാരികൾ ആവശ്യപ്പെട്ടാൽ, രഹസ്യം ലംഘിക്കാമെന്നാണ് അദ്ദേഹം പറയുന്നത്.

6. ശ്രീ. പുത്തൻതറ ഉദ്ധരിക്കുന്ന മൂന്നാമത്തെ ഭാഗത്തിലും ഇടയ്ക്കുള്ള ഭാഗം വിട്ടുകളഞ്ഞ കൃത്രിമം കാണിച്ച് അർത്ഥവ്യത്യാസം വരുത്തിയിരിക്കുന്നു ന്യായമായ മേലധികാരി നിയമാനുസൃതം ആവശ്യപ്പെടുമ്പോൾ പരസ്യമാക്കാൻ ചുമതലയുണ്ടെന്നേ മൂലത്തിൽ പറഞ്ഞിട്ടുള്ളൂ.

കമ്പസാരരഹസ്യം പരസ്യമാക്കിക്കൂടാ. സ്വാഭാവിക നിയമത്താലും ദൈവികനിയമത്താലും, കാനൻനിയമത്താലും നിരോധിക്കപ്പെട്ടിട്ടുള്ള ഒരു വസ്തുവാണത് കമ്പസാരരഹസ്യം കമ്പസാരക്കൂട്ടിനുപുറത്ത് കമ്പസാരിച്ച പാപിയോടുപോലും പറയുവാൻ വൈദികന് അധികാരമില്ല. ഇങ്ങനെ ഒരു രക്ഷാവ്യവസ്ഥ ഇല്ലെങ്കിൽ യാതൊരു പാപിയും തന്റെ പാപം വൈദികനോടു പറയുകയില്ലെന്നു വ്യക്തമാണല്ലോ.

നിരപരാധി ശിക്ഷിക്കപ്പെടരുതെന്ന് മററാരേക്കാളുമധികമായി ഒരു വൈദികൻ ആഗ്രഹിക്കും. എന്നാലും നിരപരാധി ശിക്ഷിക്കപ്പെടുമ്പോൾ, കമ്പസാരംവഴി സത്യം ഗ്രഹിച്ച ഒരു വൈദികൻ തന്റെ മനസ്സാക്ഷിയുടെ വായ് പൊത്തിപ്പിടിക്കുകതന്നെവേണം.

ഒരു വൈദികന് കമ്പസാരരഹസ്യം പരസ്യമാക്കാനുള്ള കഴിവില്ലേ? സഭയേയും ദൈവത്തെയും ധിക്കരിക്കുന്ന ഒരു വൈദികന് കമ്പസാരരഹസ്യം പരസ്യമാക്കുക അത്ര പ്രയാസമായ കാര്യമല്ല. അതിനാൽ, ഇതേവരെ അങ്ങനെ ഉണ്ടായിട്ടില്ലായെന്നതു ഒരു അത്ഭുതം തന്നെയാണ്. അനേകം വൈദികർ ഓരോ കാലങ്ങളിൽ സഭവിട്ടുപോയിട്ടുണ്ട്. അനേകംപേർ സ്വന്തനിലയിൽ ഗുരുതരമായ പാപങ്ങൾ ചെയ്തവരായുണ്ട്. ചിലർ സഭയെ രൂക്ഷമായി വിമർശിക്കുകയും അപവദിക്കുകയും ചെയ്തവരായുണ്ട്. എന്നിട്ടും ഒരൊററ വൈദികൻപോലും താൻ കമ്പസാരത്തിൽകേട്ട രഹസ്യം പരസ്യമാക്കിയിട്ടില്ല എന്നത് ഒരു അത്ഭുതമല്ലേ?

ആകയാൽ കമ്പസാരരഹസ്യത്തെ ശ്രീ. ബാലകൃഷ്ണനല്ലാ ആരുതന്നെ ചോദ്യം ചെയ്താലും സഹൃദയത്തിന്റെ പേരിൽ അതു വഴങ്ങുവാൻ ഇടയുള്ളവൻ തയ്യാറില്ല. ശ്രീ. പുത്തൻതറയെപ്പോലെയുള്ള അവസരവാദികൾ ക്ഷോഭിക്കുമെന്നുള്ളത് അക്കാര്യത്തിൽ ഒരു പ്രശ്നമല്ല. കത്തോലിക്കാ സഭയുടെ പഠനങ്ങൾ എന്റെ സമ്മതത്തെയോ ശ്രീ. പുത്തൻതറയുടെ വിസമ്മതത്തെയോ അല്ലാ ആശ്രയിച്ചിരിക്കുന്നതെന്നുകൂടി പറഞ്ഞുകൊള്ളട്ടെ.

ഞാൻ എന്റെ ആദ്യലേഖനത്തിൽ ഭാര്യാഭർത്തൃരഹസ്യം കമ്പസാര രഹസ്യം പോലെ തന്നെയെന്നു പറയാവുന്ന' ഒന്നാണെന്നും പറഞ്ഞിരുന്നു. കാരണം അതിന്റെ അടിസ്ഥാനവും സ്വാഭാവികനിയമവും ദൈവിക നിയമവുമാകുന്നു എന്നതു തന്നെ. ക്രിസ്തു എന്താണ് പറഞ്ഞിരിക്കുന്നത്? 'ആദിയിൽ ഉണ്ടാക്കിയവൻ ആണും പെണ്ണുമായി അവരെ ഉണ്ടാക്കിയെന്നും' അതിനാൽ പുരുഷൻ തന്റെ അപ്പനെയും അമ്മയെയും വിട്ടു തന്റെ ഭാര്യയോടു ചേർന്നിരിക്കുകയും അവരിരുവരും ഒരു ജഡമായിത്തീരുകയും ചെയ്യുമെന്നു അവൻ പറഞ്ഞ എന്നും നിങ്ങൾ വായിച്ചിട്ടില്ലേ? ആകയാൽ അവർ ഒരു ശരീരമല്ലാതെ രണ്ടല്ല. അതുകൊണ്ട് ദൈവം യോജിപ്പിച്ചതു മനുഷ്യർ വേർതിരിക്കരുതു....' [മത്താ: xix 4-6)

വിവാഹം ദൈവസ്ഥാപിതമാണ്. അതിനാൽ അതിന്റെ ചുമതലകളും ബാദ്ധ്യതകളും ദൈവസ്ഥാപിതമാകുന്നു. വിവാഹം ഒരു ഉടമ്പടിയാണ്; എന്നാൽ കേവലമായ ഒരുടമ്പടിമാത്രമല്ല, ഒരു കൂദാശകൂടിയാകുന്നു. അതിനാൽ ദൈവിക നിയമങ്ങളും സ്വാഭാവിക നിയമങ്ങളും അതിനു ബാധകമാണ്. ഭർത്താവിന്റെ രഹസ്യം ഭാര്യയും ഭാര്യയുടെ രഹസ്യം ഭർത്താവും പരസ്യപ്പെടുത്തുമെന്നിരുന്നാൽ അവർ പരസ്പരം രഹസ്യങ്ങൾ കൈമാറുകയില്ലെന്നും, പരസ്പരം ഒളിക്കുവാൻ ശ്രമിക്കുമെന്നുമുള്ളതു സൂക്ഷ്മമല്ലേ? ഇതു വിവാഹജീവിതത്തെ മാത്രമല്ല, വിവാഹബന്ധത്തെപ്പോലും തകർത്തുകളയുന്നതാണ്. അതുകൊണ്ടാണ് അവർ തമ്മിലുള്ള രഹസ്യം അഭേദ്യമായിരിക്കുന്നുവെന്നു പറഞ്ഞത്.

'അൾത്താര'യിലാണെങ്കിൽ കുടുവാത്തോമ്മാ ഭാര്യയോടു പറയുന്ന രഹസ്യം ഈ രണ്ടു നിയമങ്ങളാലും ബദ്ധമാണെന്നും മാത്രമല്ല, അതൊരു അർപ്പിതരഹസ്യമാകയാൽ ഒരിക്കലും ലംഘിക്കാവതല്ല. 'ഒരു അർപ്പിതരഹസ്യം പരസ്യപ്പെടുത്തുന്നത് പ്രത്യേകമായ വിധം ഗുരുതരമായ ഒരു പാപമാകുന്നു'വെന്ന് മോറൽ തിയോളജി അനുശാസിക്കുന്നുണ്ട്. ഭർത്താവു് പറയാതെ ഭാര്യ അറിഞ്ഞതാണെങ്കിൽ തന്നെ പരസ്യപ്പെടുത്താവതല്ല. ഭർത്താവു വിശ്വസിച്ചു പറഞ്ഞേല്പിച്ചരഹസ്യത്തിന്റെ കാര്യം പിന്നെ പറയേണ്ടതില്ലല്ലോ.

ഇവിടെ വായനക്കാർക്ക് ഒരു സംശയം തോന്നാം. 'നിരപരാധി ശിക്ഷിക്കപ്പെടുമ്പോൾ സത്യം ഗ്രഹിച്ച ഭാര്യ തന്റെ മനസ്സാക്ഷിയുടെ വായ് പൊത്തിപ്പിടിച്ചുകൊള്ളണമോ?' എന്നതാണത്. മനസ്സാക്ഷിയെപ്പററി ശരിക്കു ബോധമില്ലാത്തവർക്കാണ് ഈ സംശയം ഉണ്ടാകുന്നത്. ഒരുവന്റെ മനസിൽ തോന്നുന്ന കേവലവികാരങ്ങളല്ലാ മനസാക്ഷി. ഒരു പ്രവൃത്തിയുടെ ന്യായാന്യായങ്ങളെപ്പററിയുള്ള പ്രായോഗികന്യായത്തിൽ മനസ്സു പറയുന്ന തീർപ്പാണത്. ഈ ന്യായവാദം ഉററുനോക്കുന്ന പരിശോധനയിൽ ആ വ്യക്തി അനുസരിക്കേണ്ട നിയമങ്ങളും നിർവ്വഹിക്കേണ്ട ചുമതലകളും, ആ വ്യക്തിയുടെ തന്നെ സ്വാതന്ത്ര്യവും തീരുമാനിക്കാനുള്ള കഴിവും എല്ലാം നോക്കേണ്ടതുണ്ട്. തന്മൂലം ഒരു ഭാര്യയെ സംബന്ധിച്ചേടത്തോളം ഒരിക്കലും അവളുടെ ഭർത്താവിന് വിരുദ്ധമായ ഒരു തീർപ്പ് ഒരു ഭാര്യയിൽ ഉണ്ടാകുക സാദ്ധ്യമല്ല; ഉണ്ടായാൽ അതു മനസാക്ഷിക്കെതിരായ തീർപ്പായിരിക്കും.

ഒരു ഭാര്യയുടെ ആത്യന്തികമായ പരിഗണന അവളുടെ ഭർത്താവാണ്; അന്യപുരുഷനല്ല, അയാൾ നിരപരാധിയാണെങ്കിൽ തന്നെയും. ഒരു നിരപരാധി ശിക്ഷിക്കപ്പെടാതെ നോക്കുന്നതു നല്ലതാണ്. പക്ഷെ ലക്ഷ്യം മാർഗ്ഗത്തെ നീതീകരിക്കയില്ല. ഒരു നല്ല കാര്യത്തിനു വേണ്ടിപോലും ഒരു ചീത്തമാർഗ്ഗം സ്വീകരിക്കാവതല്ല: ഒരു നിരപരാധിയെ രക്ഷിക്കുന്നതിനായിരുന്നാൽപോലും ഒരു ഭാര്യക്കു തന്റെ ഭർത്താവിനെ ഒററിക്കൊടുക്കാവതല്ല, ഭർത്താവിനു ഭാര്യയേയും.

'ബഹുഭൂരിപക്ഷം കേരളസ്ത്രീകളും അതു ചെയ്യുകയില്ല' എന്ന് എന്റെ ആദ്യലേഖനത്തിൽ ഞാൻ പറഞ്ഞിരുന്നു. കുറെ ന്യൂനപക്ഷം അതു ചെയ്യുമെന്നു ഒരു ധ്വനി അതിലുണ്ടെന്ന സമ്മതിക്കുന്നു. ഒരു ന്യൂനപക്ഷം നിയമം ലംഘിച്ചേക്കാമെന്നുള്ളതുകൊണ്ടു നിയമം നിയമമല്ലാതാകുകയില്ലല്ലോ. സ്ത്രീയുടെ ദൗർബല്യവും പ്രലോഭനങ്ങൾക്ക വഴിപ്പെടാനുള്ള ശക്യതയും മനസ്സിൽ വെച്ചുകൊണ്ട് 'ബഹുഭൂരിപക്ഷം' എന്നു പറഞ്ഞെന്നേയുള്ളൂ. ഭർത്താവിനെ ഒററിക്കൊടുത്തു വീരോചിതസൽകൃതം നേടിയ ഒരു കേരളസ്ത്രീയുടെയും കഥ യഥാർത്ഥത്തിൽ എനിക്കറിഞ്ഞുകൂടാ.

ഭാര്യാധർമ്മത്തെപ്പററി ഫാദർ ഹെറിബർട്ട് ജോൺ എന്തു പറയുന്നുവെന്നു കൂടി നോക്കാം.

"ഒരു ഭാര്യയുടെ ചുമതലകൾ പ്രധാനമായും ഒരു പുരുഷന്റെ സഹകാരി എന്ന അവളുടെ നിലയിൽനിന്നുത്ഭവിക്കുന്നു. അവൾ ഗൃഹകാര്യങ്ങൾ, അവളുടെ ഭർത്താവിനു ശരിയായി കീഴ്‌വഴങ്ങിക്കൊണ്ടു നിർവ്വഹിക്കണം. അവൾ തന്റെ ഗാർഹികചുമതലകൾ അവഗണിക്കുന്നതുകൊണ്ടും, ഭർത്താവിന്റെ ഇഷ്ടത്തിനെതിരായി ചെലവുചെയ്യുന്നതുകൊണ്ടും പാപംചെയ്യുന്നു ...'[പ്രം.129)

"ഒരു ഭാര്യ, കാനോനികമായ ഫലങ്ങളെ സംബന്ധിച്ചിടത്തോളം, അവളുടെ ഭർത്താവിന്റെ പദവിക്ക പങ്കുകാരിയാകുന്നു. അവനെ അനുസരിക്കുവാൻ അവൾക്കു ചുമതലയുണ്ട്. അവളുടെ സാമൂഹ്യനിലയ്ക്കനുസൃതമായവിധം അവനെ രക്ഷിക്കുവാനും സഹായിക്കുവാനും അവൾക്ക അർഹതയുമുണ്ട്'' (പ്രം. 533-534] ഭർത്താവിന്റെ രക്ഷക്കുവേണ്ടി ഭാര്യ സ്വീകരിക്കുന്ന യാതൊരു നടപടിയും കുററകരമല്ല; അവളുടെ മനസ്സാക്ഷിപ്രകാരം തെററമല്ല.

x x x

എന്നെ പരാജയപ്പെടുത്തുവാൻ ശ്രീ പുത്തൻതറ, പൗലോസ്ശ്ലീഹാ കൊളോസ്യാക്കാരെക്കഴുതിയ ലേഖനത്തിൽനിന്ന് ഒരു വാചകം ഉദ്ധരിക്കുന്നുണ്ട്. 'മിശിഹായ്ക്കു യോജിക്കാത്തതും മാനുഷിക പാരമ്പര്യങ്ങളിലും പഞ്ചഭൂതങ്ങളിലും ആസ്പദമാക്കിയതും വഞ്ചനാപരവുമായ മനോരാജ്യസങ്കല്പങ്ങളും തത്ത്വശാസ്ത്രവുംകൊണ്ട് നിങ്ങളെ ആരും ഇരയാക്കാതിരിക്കുവാൻ ശ്രദ്ധാലുക്കളായിരിക്കുക. പ്രത്യക്ഷത്തിൽ ശരിയെന്നു തോന്നിയേക്കാവുന്ന കപടയുക്തികൾകൊണ്ടു നിങ്ങളെ ആരും വഞ്ചിക്കാതിരിപ്പാനായിട്ടാണ് ഞാനിതു പറയുന്നത്.' (കൊളോ: II 4,8]

ഈ വാക്യങ്ങൾ ഉദ്ധരിക്കുന്നതിൽ പോലും ശ്രീ പുത്തൻതറ വഞ്ചന കാണിച്ചിരിക്കുന്നു. എന്തെന്നാൽ വിശുദ്ധ പൗലോസിന്റെ വാക്യങ്ങൾ ഇങ്ങനെയാകുന്നു: 'എനിക്കുള്ള പോരാട്ടം എങ്ങനെയുള്ളതെന്നു നിങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ വാക്കുകളുടെ വശീകരണത്താൽ ആരും നിങ്ങളെ വഴിതെററിക്കാതിരിക്കുവാനായി ഞാൻ ഇതുപറയുന്നു (1-4) മിശിഹായ്ക്കു വിപരീതമായി മനുഷ്യരുടെ ഉപദേശങ്ങൾ അനുസരിച്ചും ലോകത്തിന്റെ ആദ്യപാഠങ്ങൾ അനുസരിച്ചും തത്വശാസ്ത്രംകൊണ്ടും വ്യർത്ഥമായ വഞ്ചനകൊണ്ടും ആരുംനിങ്ങളെ കവർന്നുകളയാതെ സൂക്ഷിച്ചുകൊള്ളുവിൻ.' (8)

പൗലോസ്ശ്ലീഹാ പറയുന്നതെന്ത്? ശ്രീ പുത്തൻതറ ഉദ്ധരിക്കുന്നതെന്ത്? പൗലോസ്ശ്ലീഹായുടെ ഈ താക്കീത് എന്നോടാണോ ശ്രീ പുത്തൻതറയോടാണോ എന്നു വായനക്കാർ വിധിച്ചുകൊള്ളുക.

'പൗലോസ്ശ്ലീഹായുടെ വാക്കുകളല്ല സാക്ഷാൽ ക്രിസ്തുനാഥന്റെ വാക്കുകളാണ്'' ശ്രീ പുത്തൻതറക്കിഷ്ടം. അതിനാൽ ക്രിസ്തുനാഥന്റെ ഒരു വാക്യംകൂടി ഞാൻ പകർത്തിക്കൊള്ളട്ടെ.

നിങ്ങളെ ആരും തെററിക്കാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുവിൻ, എന്തെന്നാൽ പലർ എന്റെ നാമത്തിൽ വന്നു മാശിഹാ ഞാനാകുന്നു എന്നു പറഞ്ഞു പലരെയും തെററിക്കും....വളരെ വ്യാജപ്രവാചകർ പുറപ്പെട്ടുവരികയും, പലരെയും തെററിക്കയും ചെയ്യും. ദുഷ്ടതയുടെ പെരുപ്പംനിമിത്തം പലരുടേയും ഉപവി തണുത്തുപോകും ...' [മത്തായി XXIV, 4-12]

x x x

ഈ ലേഖകൻ ഒരു സന്മാർഗ്ഗശാസ്ത്രവിദഗ്ദ്ധനല്ല. കത്തോലിക്കാസഭയ്ക്കുവേണ്ടി ആധികാരികമായി പറയുവാനുള്ള അവകാശവും എനിക്കില്ല. എന്നിരുന്നാലും ഞാൻ മനസ്സിലാക്കിയിട്ടുള്ള കത്തോലിക്കാസഭയുടെ സന്മാർഗ്ഗശാസ്ത്രപഠനങ്ങളാണ് എന്റെ ലേഖനങ്ങളിൽ പ്രതിഫലിപ്പിച്ചിട്ടുള്ളത്. അതുതെററാണെന്ന് എനിക്കു തോന്നിയിട്ടില്ല. കത്തോലിക്കാസഭ ആധികാരികമായി പറയുന്നതിനെ ഞാൻ അംഗീകരിക്കും. ഇതാണ് എന്റെ നിലപാട്.

—o—

തമാശയുടെ വില

ഭുജ്, ഫെ. 3

യുവതിയെ കളിയാക്കിയതിന് ഇന്ദ്രഗമസിംഗ് എന്ന യുവാവിനെ യുവതിയുടെ ബന്ധുക്കൾ കൊലപ്പെടുത്തിയിരിക്കുന്നു. പ്രസ്തുതയുവതിയുടെ നാലുബന്ധുക്കളെ ഇതുസംബന്ധിച്ച പോലീസ് അറസ്റ്റുചെയ്തു. ഗാർസ്യ വിഭാഗത്തിൽപ്പെട്ടതാണ് ഈ യുവാവും യുവതിയും.

ജാതി, മതം, വർഗ്ഗം എന്നിവ വോട്ടുകളാക്കരുത്

സ്ഥാനാർത്ഥികളുടെ ശ്രദ്ധയ്ക്ക് സർക്കാരിന്റെ പത്രക്കുറിപ്പ്

തിരുവനന്തപുരം, ഫെ. 2

ആസന്നമായ പൊതുതിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന വിവിധ രാഷ്ട്രീയകക്ഷികളിൽപ്പെട്ട സ്ഥാനാർത്ഥികളുടെ അറിവിനായി തിരഞ്ഞെടുപ്പു ചട്ടങ്ങളിലെ ചില വകുപ്പുകൾ ഒരു പത്രക്കുറിപ്പായി ഗവമ്മെണ്ട് ഇന്നു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഈ ചട്ടങ്ങൾ പ്രകാരം തിരഞ്ഞെടുപ്പു പ്രചരണം സംബന്ധിച്ച് ഏതെങ്കിലും ഒരു വ്യക്തി മതത്തിന്റെയോ, വർഗ്ഗത്തിന്റെയോ ജാതിയുടെയോ, ഭാഷയുടെയോ പേരിൽ വിവിധ ജനവിഭാഗങ്ങൾക്കിടയിൽ പരസ്പരസ്പർദ്ധ വളർത്തുകയോ വളർത്താൻ ശ്രമിക്കുകയോ ചെയ്യുകയാണെങ്കിൽ അയാൾക്ക് മൂന്നുവർഷത്തെ തടവുശിക്ഷയോ പിഴയോ അഥവാ ഇവ രണ്ടു ശിക്ഷകളും ഒരുമിച്ചോ നൽകാവുന്നതാണ്. പോളിംഗിന് 24 മണിക്കൂറിനുമുമ്പുമുതൽ തിരഞ്ഞെടുപ്പുപ്രചരണയോഗങ്ങൾ സംഘടിപ്പിക്കുകയോ, അത്തരം യോഗങ്ങളിൽ സംബന്ധിക്കുകയോ ചെയ്യുന്നതും വിലക്കപ്പെട്ടിരിക്കുന്നു. ഈ ചട്ടം അതിലംഘിക്കുന്നവരുടെമേൽ 250 രൂപവരെ പിഴ ചുമത്താവുന്നതാണ്. തിരഞ്ഞെടുപ്പു പ്രചരണയോഗങ്ങൾ കലക്കുകയോ കലക്കാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്നവരും 250 രൂപവരെയുള്ള പിഴശിക്ഷയ്ക്ക് വിധേയരാക്കപ്പെടും. തിരഞ്ഞെടുപ്പു സംബന്ധിച്ച വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതിമുതൽ തിരഞ്ഞെടുപ്പു തീയതിവരെയുള്ള കാലയളവിനുള്ളിൽ ഏതെങ്കിലും നിയോജകമണ്ഡലത്തിലെങ്കിലും നടത്തപ്പെടുന്ന രാഷ്ട്രീയസ്വഭാവമുള്ള യോഗങ്ങൾക്ക് ഈ വ്യവസ്ഥ ബാധകമാണ്. ഏതെങ്കിലും ഒരാൾ യോഗം കലക്കുന്നതായി ഒരു പോലീസ് ഉദ്യോഗസ്ഥന് ഉത്തമബോദ്ധ്യംവന്നാൽ, യോഗാദ്ധ്യക്ഷന്റെ ആവശ്യപ്രകാരം അയാളുടെ പേരും മേൽവിലാസവും ആവശ്യപ്പെടാവുന്നതും അത് ലഭിച്ചില്ലെങ്കിൽ പോലീസ് ഉദ്യോഗസ്ഥന് അയാളെ വാറണ്ട് ഇല്ലാതെ കസ്റ്റഡിയിലെടുക്കാവുന്നതുമാണ്.

പ്രിന്ററുടേയും പ്രകാശകന്റേയും പേരും മേൽവിലാസവും മുദ്രണം ചെയ്യാത്തതും തിരഞ്ഞെടുപ്പു പ്രചരണം സംബന്ധിച്ചിട്ടുള്ളതും ആയ ഒരു ലഘുലേഖയും പോസ്റ്ററും അച്ചടിക്കാനോ പ്രചരിപ്പിക്കാനോ പാടില്ല. തിരഞ്ഞെടുപ്പു പ്രചരണത്തിനായുള്ള ലഘുലേഖയോ പോസ്റ്ററോ പ്രസിദ്ധീകരിക്കുന്ന വ്യക്തി അത് അച്ചടിക്കുന്നതിലേക്കായി പ്രിന്ററെ ഏൽപ്പിക്കുന്നതിനുമുമ്പ്, തന്റെ ഐഡൻറിററി വ്യക്തമാക്കുന്നതും തന്നെ പരിചയമുള്ള രണ്ടു വ്യക്തികളൊപ്പിട്ട് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും ആയ പ്രഖ്യാപനത്തിന്റെ രണ്ടു പ്രതികൾകൂടി പ്രിന്റർക്ക് കൊടുക്കേണ്ടതാണ്. അച്ചടിച്ചതിനുശേഷം അതിന്റെ ഒരു പ്രതിയും മേൽപ്പറഞ്ഞ പ്രഖ്യാപനത്തിന്റെ ഒരു പ്രതിയും കൂടി പ്രിന്റർ സംസ്ഥാന തലസ്ഥാനത്താണെങ്കിൽ ചീഫ് ഇലക്ടറൽ ആഫീസർക്കോ മററ സ്ഥലങ്ങളിലാണെങ്കിൽ അവിടത്തെ ജില്ലാ മജിസ്ട്രേട്ടിനോ അയച്ചുകൊടുക്കണം. ഈ ചട്ടങ്ങൾ ലംഘിക്കുന്നവർക്ക് ആറു മാസത്തെ ജയിൽശിക്ഷയോ രണ്ടായിരം രൂപവരെ പിഴശിക്ഷയോ, രണ്ടുശിക്ഷകളും ഒരുമിച്ചോ നൽകാൻ വ്യവസ്ഥചെയ്തിരിക്കുന്നു. കൈകൊണ്ടു പകർത്തുന്നതുവഴിയല്ലാതെ ഏതെങ്കിലും രേഖയുടെ കൂടുതൽ പ്രതികൾ എടുക്കുന്നതിനെ അച്ചടിച്ച രേഖകളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഏതെങ്കിലും ഒരു സ്ഥാനാർത്ഥിയുടെയോ, ഒരു സംഘം സ്ഥാനാർത്ഥികളുടേയോ വിജയത്തെ അനുകൂലമായോ പ്രതികൂലമായോ ബാധിക്കാൻ ഉതകുന്നതരം അച്ചടിച്ച ലഘുലേഖകളേയും നോട്ടീസുകളേയും തിരഞ്ഞെടുപ്പിനെ പരാമർശിക്കുന്ന വിധത്തിലുള്ള പ്ലാക്കാർഡുകളേയും പോസ്റ്ററുകളേയും തിരഞ്ഞെടുപ്പ് ലഘുലേഖകളും പോസ്റ്ററുകളും, എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഒരു തിരഞ്ഞെടുപ്പ് യോഗത്തിന്റെ തീയതി സമയം സ്ഥലം എന്നിവ വ്യക്തമാക്കുന്നവയും തിരഞ്ഞെടുപ്പ് ഏജൻറുമാർക്കും പ്രവർത്തകർക്കും നിർദ്ദേശങ്ങൾ കൊടുക്കുന്നവയും ആയ നോട്ടീസുകളെ മേൽപ്പറഞ്ഞ വ്യവസ്ഥ ബാധിക്കുന്നതല്ല.

അലിക്കുഞ്ഞ് ശാസ്ത്രിയോട് സമാധാനം ആവശ്യപ്പെടുന്നു

ഗോപാലപ്പിള്ളയെയും മററും പുറംതള്ളാൻ എസ്സ് എസ്സ് പി. തീരുമാനം

തിരുവനന്തപുരം, ഫെ. 3

എസ്. എസ്. പി യിൽനിന്ന് രാജിവച്ച് പ്രസ്താവന പുറപ്പെടുവിച്ചിരുന്ന ആററിങ്ങൽ ഗോപാലപ്പിള്ള, പി. കുഞ്ഞൻ, ശ്രീ. പത്മനാഭൻനായർ എന്നിവരേയും ആററിങ്ങൽ നഗരസഭാംഗങ്ങളായ ശ്രീമാന്മാർ സദാശിവൻപിള്ള, കുട്ടപ്പൻനായർ, തങ്കപ്പനാശാരി എന്നിവരേയും പാർട്ടിയിൽനിന്നും പുറന്തള്ളാൻ പാർട്ടിയുടെ തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് കമ്മിററി തീരുമാനിച്ചിരിക്കുന്നു.

ഇന്നലെ ഇവിടെവെച്ചുകൂടിയ എസ്. എസ്. പി. യുടെ തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് കമ്മിററിയുടെയും നിയോജകമണ്ഡലം സെക്രട്ടറിമാരുടെയും സംയുക്തയോഗമാണ് ഈ തീരുമാനമെടുത്തത്. പാർട്ടി അച്ചടക്കത്തിനെതിരായി പരസ്യപ്രസ്താവനകൾ ചെയ്തതിന് അലികുഞ്ഞ ശാസ്ത്രിയോട് രേഖാമൂലമുള്ള സമാധാനവും യോഗം ആവശ്യപ്പെട്ടിട്ടുണ്ട്. ആററിങ്ങൽ ഗോപാലപ്പിള്ളയുടെ ഒഴിവിൽ പാർട്ടിയുടെ തിരുവനന്തപുരം ജില്ലാക്കമ്മിററി ജോയിൻറ് സെക്രട്ടറിയായിരുന്ന പി. നീലകണ്ഠനെ ജില്ലാക്കമ്മിററി സെക്രട്ടറിയായും യോഗം തിരഞ്ഞെടുത്തു. തിരുവനന്തപുരം ജില്ലയിലെ എസ്. എസ്. പി. സ്ഥാനാർത്ഥികളുടെ പ്രചരണ പ്രവർത്തനങ്ങളുടെ നേതൃത്വം വഹിക്കാൻ ശ്രീമാന്മാർ പൊന്നറ ശ്രീധർ, പി. നീലകണ്ഠൻ, ബി. മാധവൻനായർ, മാററാപ്പള്ളി മജീദ്, മാരായമുട്ടം സുകുമാരൻനായർ, എസ്. എ നാഗപ്പൻ, ജി. പി. ഇരപ്പൻ, കെ. യു. അബ്ദുൽ റസ്സാക്ക്, എസ്. എം. നൂഹ, പട്ടം സുകുമാരൻ നായർ എന്നിവരടങ്ങുന്ന ഒരു ഇലക്ഷൻ കമ്മിററിയും രൂപീകരിച്ചു. (സ്വ. ലേ)

—

ഇന്ദിരാഗാന്ധി കാനഡയിൽ

ന്യൂഡൽഹി [illegible] കാനഡ ഗവണ്മെണ്ടിന്റെ ക്ഷണപ്രകാരം ഒരു ദിവസത്തെ സന്ദർശനത്തിന് ശ്രീമതി ഇന്ദിരാഗാന്ധി ഫെബ്രുവരി 1-ാംനു- ഒട്ടാവയിൽ എത്തിച്ചേർന്നു.

അവർ വാർത്താവിതരണ–സാംസ്കാരിക പ്രവർത്തനങ്ങളുടെ ചുമതലകൂടി വഹിക്കുന്ന സ്റ്റേററ് സെക്രട്ടറി മി: മോറിസ് ലാമോണ്ടേയിനെ സന്ദർശിക്കുകയും സാംസ്കാരിക ജീവിതം മെച്ചപ്പെടുത്തുന്നതിന് ഇന്ത്യ ഏറെറടുത്തിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ വിവരിച്ചുകൊടുക്കുകയുംചെയ്തു. പിന്നീട് ശ്രീമതി ഗാന്ധി ഗവണ്മെണ്ട് ഹൗസിൽവെച്ച് കനേഡിയൻ ഗവർണ്ണറുടെ പത്നി മാഡം മാനിയറെ സന്ദർശിച്ചു. പോപ്പിന്റെ ഈയിടത്തെ ഇന്ത്യാ സന്ദർശനത്തെ പരാമർശിച്ച്, അദ്ദേഹത്തിനു ലഭിച്ച ഊഷ്മളമായ സ്വാഗതത്തിൽ മാഡം മാനിയർ അത്യധികം സന്തോഷം പ്രകടിപ്പിച്ചു. ഇന്ത്യയിൽ മതനേതാക്കന്മാരോട് എപ്പോഴും അത്യധികം ആദരവു കാണിക്കാറുണ്ടെന്ന ശ്രീമതി ഗാന്ധിപറഞ്ഞു. ഇന്ത്യയിൽ വളരെയധികം റോമൻ കത്തോലിക്കരുണ്ടെന്ന വസ്തുതയും അവർ ചൂണ്ടിക്കാട്ടി.

ശ്രീമതിഗാന്ധിയുടെ ബഹുമാനാർത്ഥം പ്രധാനമന്ത്രിയുടെ പത്നി മിസ്സിസ് പിയേർസൺ ചായസൽക്കാരം നടത്തി.

ഇന്നു ശ്രീമതി ഗാന്ധി കനേഡിയൻ പ്രധാനമന്ത്രി മി: പിയേർസണെ കാണുകയുണ്ടായി.

തലസ്ഥാനത്തു നിന്ന്

(സ്വന്തം പ്രതിനിധി) ഫെബ്രുവരി 3

പബ്ലിക് സർവ്വീസ് കമ്മീഷനംഗമായ സി ഒ ററി കുഞ്ഞിപ്പക്കിക്ക് ഫെബ്രുവരി 5-ാംനു-മുതൽ 33 ദിവസത്തെ അവധി അനുവദിച്ചിരിക്കുന്നു.

മിസ്സിസ് നോർമൻ ബട്ട്ലർ

പ്രസിദ്ധ സാമൂഹ്യപ്രവർത്തകയായ മിസ്സിസ് നോർമൻ ബട്ട്ലർ ഫെബ്രുവരി 8-ാംനു- മുതൽ 11-ാംനു-വരെ തിരുവനന്തപുരം സന്ദർശിക്കുന്നതാണ്.

ലേബർ കമ്മീഷണർ

ലേബർ കമ്മീഷണർ എൻ കൊച്ചുകൃഷ്ണൻ ഫെബ്രുവരി 5-ാംനു- ഡൽഹിയിലേക്കു പോകുന്നതും 8-ാംനു- തിരുവനന്തപുരത്ത് തിരിച്ചെത്തുന്നതുമാണ്.

ചീഫ് എൻജിനീയർ

ബിൽഡിംഗ്സ് ആന്റ് റോഡ്സ് വിഭാഗം ചീഫ് എൻജിനീയർ ററി. എസ്. നാരായണസ്വാമി ഫെബ്രുവരി 4, 5, 6 എന്നീ തീയതികളിൽ എറണാകുളത്തു ക്യാമ്പുചെയ്യുന്നതാണ്.

മെഡിക്കൽ കാളേജ് നിയമനങ്ങൾ

ഒപ്പൽമോളജി അസിസ്റ്റൻറ് പ്രൊഫസർ ഡാ: ററി എ ജോസഫിനെ പ്രൊമോട്ടുചെയ്തു കോട്ടയം മെഡിക്കൽ കാളേജിൽ ഒപ്പൽമോളജി അസ്സോഷ്യേററ് പ്രൊഫസറായും, കോഴിക്കോട് മെഡിക്കൽ കാളേജിലെ ട്യൂട്ടറായ ഡാ: ററി ഗോപിനാഥനെ ജോസഫിന്റെ സ്ഥാനത്ത് അസിസ്റ്റൻറ് പ്രൊഫസറായും നിയമിച്ചിരിക്കുന്നു.

മുനിസിപ്പാലിററീസ് ഡയറക്ടർ

മുനിസിപ്പാലിററീസ് വകുപ്പ് ഡയറക്ടർ ശ്രീ പി. ഡി. കരുവിള ഫെബ്രുവരി 9-ാംനു- ബോംബെയിലേക്ക് പോകുന്നതും അവിടെ സമ്മേളിക്കുന്ന തദ്ദേശസ്വയംഭരണസ്ഥാപന കേന്ദ്ര കൗൺസിലിന്റെ പത്താമത് യോഗത്തിൽ സംബന്ധിച്ചശേഷം 14-ാംനു- തിരുവനന്തപുരത്ത് തിരിച്ചെത്തുന്നതുമാണ്.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശ്രീ എസ്. രാജാരാമൻ ഫെ: 14, 15 എന്നീ തീയതികളിൽ കോഴിക്കോട്ടും, 17, 18 എന്നീ തീയതികളിൽ ഡെൽഹിയും സന്ദർശിക്കുന്നതാണ്. 19-ാംനു- മുതൽ 23-ാംനു- വരെ ലക്നൗവിൽവച്ചു നടക്കുന്ന ഇൻസ്റ്റിററ്യൂഷൻ ആഫ് എഞ്ചിനീയേഴ്സിന്റെ 45-ാം കൺവെൻഷനിൽ പങ്കെടുത്തശേഷം അദ്ദേഹം 26-ാംനു- തിരുവനന്തപുരത്ത് തിരിച്ചെത്തും.

മോഹൻ കുമാരമംഗലം പ്രസംഗിക്കും

ഇടതുപക്ഷ ഐക്യമുന്നണിയുടെ തിരഞ്ഞെടുപ്പുപ്രചരണം സംബന്ധിച്ച് ഫെബ്രുവരി 6-ാംനു- വൈകുന്നേരം വർബ്രിഡ്ജ് മൈതാനത്തു കൂടുന്ന പൊതുയോഗത്തിൽ കമ്യൂണിസ്റ്റ് നേതാവ് ശ്രീ മോഹൻ കുമാരമംഗലം പ്രസംഗിക്കുന്നതാണ്.

സസ്പെൻറ് ചെയ്തു

കോട്ടയം ജില്ലയിൽപ്പെട്ട നീണ്ടൂർ പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസർ ശ്രീമതി എം. പി. കരുണാകരിയെ [illegible]ക്രമക്കേടുകൾക്ക് വിധേയമായി സർവ്വീസിൽനിന്നും സസ്പെൻറു ചെയ്തിരിക്കുന്നു.

യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ

യൂണിയൻ ബാങ്ക് ആഫ് ഇന്ത്യയുടെ തിരുവനന്തപുരം ശാഖയുടെ ആപ്പീസ് ഫെബ്രുവരി 8-ാംനു- രാവിലെ 10 മണിക്ക് ലളിതമായ ഒരു ചടങ്ങോടുകൂടി സ്റ്റാച്യൂ ജംഗ്ഷനിലുള്ള പുതിയ കെട്ടിടത്തിലേക്ക് മാററുന്നതാണ്.

വൈവാഹികം

എറണാകുളം, ഫെ. 1.

ശ്യാമള–സുബ്രഹ്മണ്യം

ഒരു കോൺഗ്രസ്സ് നേതാവായ പി. കെ. ഡീവറുടെ പുത്രി കുമാരി ശ്യാമളയും, പരേതനായ വി. കെ. ഗംഗാധര(പറവൂർ)ന്റെ പുത്രൻ ഡോ: സുബ്രഹ്മണ്യനും തമ്മിലുള്ള വിവാഹം ഇന്നലെ ടി. ഡി. എം. ഹാളിൽവെച്ച സമംഗളം നിർവ്വഹിക്കപ്പെട്ടിരിക്കുന്നു. കേന്ദ്രമന്ത്രി എ. എം. തോമാസ് തുടങ്ങിയ ഒട്ടനവധി പ്രശസ്താതിഥികൾ ഇതിൽ പങ്കെടുത്തിരുന്നു.

മോട്ടോറുടമകൾക്ക് പിഴ

(സ്വ ലേ) എറണാകുളം, ഫെ. 1

മോട്ടോർ വെഹിക്കിൾസ് ആക്ടിലെ 34, 38 എന്നീ വകുപ്പുകൾ അനുസരിച്ച് ലീവ് ബുക്കും, ഡ്യൂട്ടി കൺഡക്ടർബുക്കും സൂക്ഷിക്കാഞ്ഞതിന് പാറ്റൂർ ഇൻലൻഡ് ട്രാൻസ്പോർട്ട് സർവ്വീസ് ഉടമസ്ഥൻ ശ്രീ കെ. എം. കൃഷ്ണപിള്ളയ്ക്ക് 20 രൂപായും, ചെള്ളുശേരി ട്രാൻസ്പോർട്ട് സർവ്വീസ് ഉടമസ്ഥൻ ശ്രീ പി ആർ സേവ്യർ, ചെല്ലാനത്തെ ഒരു ബസ്സുടമസ്ഥനായ ശ്രീ കെ ദിവാകര ഷേണായി എന്നിവർക്ക് 25 രൂപാവീതവും പിഴശിക്ഷ ചുമത്തിക്കൊണ്ട് കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ വിധി പ്രസ്താവിച്ചിരിക്കുന്നു.

—o—

എച്ച്. എം ടി.വാച്ചുകൾ ഹിമാലയത്തിലും കൃത്യസമയം കാണിക്കുന്നു

ബാംഗ്ലൂർ, ഫെ. 8

എച്ച് എം ടി വാച്ചുകൾ ഹിമാലയത്തിൽ 16000 അടിയിലധികം മുകളിലും കൃത്യസമയം കാണിക്കുന്നു.

ഈയിടെ മൂന്നാമതു പ്രാവശ്യം പര്യവേക്ഷണം പൂർത്തിയാക്കിയ ഹിമാലയൻ സ്റ്റഡി ഹൗസ് എക്സ്പെഡിഷന്റെ ശാസ്ത്രീയ വിഭാഗം മേധാവി ശ്രീ എസ് ലാഹിരി, വാച്ച് ഫാക്ടറിയുടെ ജനറൽ മാനേജർക്ക് അയച്ച കത്തിൽ പ്രസ്താവിച്ചിട്ടുള്ളതാണ് ഇക്കാര്യം. രാവിലത്തെ ഉഷ്മാവ് പൂജ്യത്തിനു താഴെ പത്തുഡിഗ്രി സെൻറിഗ്രേഡ് ആയിരുന്നിട്ടും തിളങ്ങുന്ന ഡയലുള്ള എച്ച് എം ടി ജനതവാച്ചുകൾ റേഡിയോ സിഗ്നലിനു കൃത്യമായ സമയം കാണിക്കുകയുണ്ടായെന്ന കത്തിൽ പറഞ്ഞിട്ടുണ്ട്.

ഉയരമേറിയ പ്രദേശങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ജവാന്മാർക്കുവേണ്ടി എച്ച് എം ടി വാച്ച് ഫാക്ടറി അടുത്ത കാലത്തു, തിളങ്ങുന്ന ഡയലുള്ള 26000 വാച്ചുകൾ നിർമ്മിച്ചുകൊടുക്കുകയുണ്ടായി.

1964ൽ ഫാക്ടറി 1 6 കോടിക. വിലവരുന്ന 167306 വാച്ചുകൾ നിർമ്മിച്ചു. മുൻവർഷം ഒരു കോടിക.യുടെ 106024 വാച്ചുകൾ ആയിരുന്നു ഉൽപാദനം.

—o—

കോൺ. ലിസ്റ്റിനു നല്ല സ്വീകരണമാണെന്നു കാമരാജ്

(പി ടി ഐ) മദ്രാസ്, ഫെ 4

കോൺഗ്രസ്സ് സ്ഥാനാർത്ഥികളുടെ ലിസ്റ്റിനു നല്ല സ്വീകരണമാണ് കിട്ടിയതെന്നും, പൊതുവിൽ സംതൃപ്തിയുണ്ടെന്നും കോൺഗ്രസ്സ് പ്രസിഡണ്ട് കെ. കാമരാജ് ഇന്നിവിടെ പ്രസ്താവിച്ചു. കോൺഗ്രസ്സിനു വിജയസാദ്ധ്യതയുണ്ടെന്നും, കേരളത്തിൽ ഒരുറച്ച ഗവമ്മെണ്ടുണ്ടാകുന്നതിനു വഴിയുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഇവിടെ ഏതാനുംദിവസം താമസിച്ചതിനുശേഷം അദ്ദേഹം കേരളത്തിലേക്ക തിരിച്ചുപോകും.

—

38 ലക്ഷം ഏക്കർ സ്ഥലത്ത് എള്ള്കൃഷി

ന്യൂഡൽഹി ഫെ. 4

1964-65-ൽ 3871000 ഏക്കർ പ്രദേശത്ത് എള്ളുകൃഷി ചെയ്തിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 145000 ഏക്കർ അഥവാ 3.9 ശതമാനം കൂടുതലാണ് ഇതെന്നു കേന്ദ്ര ഭക്ഷ്യ–കൃഷി വകുപ്പിലെ സാമ്പത്തിക–സ്ഥിതിവിവര കണക്കു വിഭാഗം പ്രസ്താവിക്കുന്നു.

കൃഷി സ്ഥലത്തിന്റെ വിസ്തൃതിയിലുള്ള ഈ വർദ്ധനവ് പ്രധാനമായും രാജസ്ഥാൻ, ഗുജറാത്ത് പ്രദേശങ്ങളിലെ അനുകൂലകാലാവസ്ഥയും വിലവർദ്ധനവുമാണ് കാരണം. ആന്ധ്രപ്രദേശിലും മധ്യപ്രദേശിലും എള്ള് കൃഷി ചെയ്യുന്ന ഭൂമിയുടെ അളവ് അല്പം കുറയുകയാണ് ചെയ്തിട്ടുള്ളത്.

....

സഹകരണപ്രസ്ഥാനം നേഫയിൽ

നേഫാപ്രദേശത്ത് സഹകരണപ്രസ്ഥാനം വമ്പിച്ച പുരോഗതി കൈവരിച്ചിട്ടുണ്ട്. ഗോത്രവർഗ്ഗക്കാർക്കിടയിൽ പരമ്പരാഗതമായുള്ള സഹകരണമനോഭാവമാണ് ഇതിനു മുഖ്യകാരണം.

നേഫയിലെ ജനങ്ങളുടെ ഉത്സാഹം, മുൻകൈയെടുത്തു പ്രവർത്തിക്കുന്ന ശീലം, സഹകരണമനോഭാവം എന്നിവ പ്രകടമാക്കുന്ന വിവിധതരത്തിൽപെട്ട 61 സഹകരണസംഘങ്ങൾ അവിടത്തെ ഗ്രാമങ്ങളിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

ഈയിടെ നടത്തിയ ഒരു സർവ്വേ അനുസരിച്ച്, ചൈനീസ് ആക്രമണം കാരണം പ്രവർത്തനം മോശമായ രണ്ടു സംഘങ്ങളൊഴികെ ബാക്കി എല്ലാം ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ഇവയുടെ ഓഹരി മൂലധനത്തിന്റെ അടിത്തറ സുശക്തമാണെന്നും കണ്ടിരിക്കുന്നു. പല പ്രാഥമിക സംഘങ്ങൾക്കും 15000ക. മുതൽ 40000ക.വരെ ഓഹരി മൂലധനമുണ്ട്. പ്രതിവർഷം ശരാശരി അഞ്ചുലക്ഷത്തിൽപരം ക.യുടെ ചരക്കുകൾ ഈ സംഘങ്ങൾ കൈകാര്യം ചെയ്യുന്നു.

കടിശിഖ പിരിച്ചെടുക്കുന്ന കാര്യത്തിലും നല്ല പുരോഗതിയാണുള്ളത് കടിശിഖയുടെ 98 ശതമാനം പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

ഇതാദ്യമായി, പ്രാഥമിക സംഘങ്ങൾക്ക മാനേജർമാരുടെ ഒരു സെൻട്രൽകേഡർ രൂപവൽക്കരിച്ചിരിക്കുന്നു. കൂടാതെ, ഇവയുടെ നടത്തിപ്പിന് പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമൂലം സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ അഭിവൃദ്ധിപ്പെടുമെന്ന കരുതുന്നു.

ഓർക്കാപ്പുറത്തുള്ള അടി

ഒരു പ്രത്യേക പ്രദേശത്തോ ജനവിഭാഗത്തിലോ ഒതുങ്ങിനിന്നിരുന്നില്ല, നേഫയിലെ സഹകരണപ്രസ്ഥാനം. സർവ്വാശ്ലേഷകമായിരുന്നു അത്. വാഞ്ചൊ, നോക്ടെ, താംഗ്സ, മിഷ്മി, ഡഫ്‌ള, ആദി, മൊമ്പ, അപതാനി തുടങ്ങി എല്ലാ ഗോത്രവർഗ്ഗക്കാരും സമ്പദ്‌വ്യവസ്ഥ പുനഃപ്രതിഷ്ഠിക്കുന്നതിന് സഹകരണമാർഗ്ഗം സ്വീകരിച്ചിട്ടുണ്ട്. അകലവും പാറപ്രദേശങ്ങളുടെ ദുർഗ്ഗമതയും ഇവരുടെ ഉത്സാഹശീലത്തെ പരിമിതപ്പെടുത്തിയില്ല. നേരമറിച്ച്, ഈ സംഗതികൾ അവരുടെ സഹകരണമനോഭാവത്തെ ഉദ്ദീപിപ്പിക്കുകയും, ഇതുമൂലം ദാപോറിജോ, മെച്ചുക്ക, അനിനി, വലോംഗ്, കിബിതോ, ഹൂട്ടിംഗ്, തവാംഗ് തുടങ്ങിയ സ്ഥലങ്ങളിൽ സഹകരണസ്ഥാപനങ്ങൾ ഉണ്ടാകുകയും ചെയ്തു. ഈ ജനകീയ സ്ഥാപനങ്ങൾ അങ്ങനെ പുരോഗമിച്ചുകൊണ്ടിരിക്കുമ്പോഴാണ് ചൈനീസ് ആക്രമണമുണ്ടായത്. സമാധാനത്തിനും ശാന്തിക്കും ഭംഗം നേരിട്ടു. ജനങ്ങൾ പിഴുതെറിയപ്പെടുകയും, വീടുകൾ തീവെയ്പിന് ഇരയാവുകയും, കന്നുകാലികൾ നഷ്ടപ്പെടുകയും സഹകരണ സംഘങ്ങൾ കൊള്ളയടിക്കപ്പെടുകയും ചെയ്തു. അക്രമികൾക്കിരയായ ഒരു സഹകരണസംഘത്തിലും ഒരുമണി ധാന്യംപോലും ബാക്കി ഉണ്ടായിരുന്നില്ല.

എന്നാൽ, അക്രമി പിൻവാങ്ങിയശേഷം ജനങ്ങൾ കൂടുതൽ ഉത്സാഹപൂർവ്വം തങ്ങളുടെ സഹകരണസംഘങ്ങൾ പുനഃസംഘടിപ്പിച്ചു. എല്ലാ സ്റ്റോറുകളും വീണ്ടും പ്രവർത്തനം തുടങ്ങി. വില്പനയ്ക്കുള്ള സാധനങ്ങളുടെ എണ്ണം വർദ്ധിക്കുകയും സ്ഥാപനങ്ങളുടെ ശാഖകൾ തുറക്കുകയും, ഇതോടൊപ്പം ഇടപാടുകൾ മുമ്പത്തെക്കാളുമധികം വർദ്ധിച്ച് പുതിയ റിക്കാർഡു സ്ഥാപിക്കുകയും ചെയ്തു. കമെംഗ് ഡിവിഷനിൽ ലുംല, ദിറാംഗ്, ബോമെംഗ്, ജെയ്‌നീവ, രൂപ തുടങ്ങിയ സ്ഥലങ്ങളിലെ സഹകരണസംഘങ്ങൾ ചൈനീസ് ആക്രമണത്തിനുശേഷം സംഘടിപ്പിച്ചതാണ്.

വളരെ അകലം വിട്ടുകിടക്കുന്ന സ്ഥലങ്ങളിൽപോലും ഉപഭോക്തൃ സഹകരണ സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു. അവയിൽ എല്ലാവിധ സാധനസാമഗ്രികളും വില്പനയ്ക്കുണ്ട്. ആസ്സാമിലെ സമതലങ്ങളിൽനിന്ന് സാധനങ്ങൾ കൊണ്ടുവരുന്ന ജോലി ഇപ്പോൾ ഈ സ്ഥാപനങ്ങളാണ് ചെയ്തുവരുന്നത്.

ഗതാഗത സഹകരണസംഘങ്ങൾ

നേഫയിൽ ഗതാഗതസഹകരണസംഘങ്ങളും രൂപവൽക്കരിച്ചിട്ടുണ്ട്. ഉത്തരലഖിംപൂരിനും കാമിനും, റോയിംഗിനും സാദിയക്കും ഇടയിൽ ബസ്സുകൾ ഓടിക്കൊണ്ടിരിക്കുന്നു. താമസിയാതെ കമെംഗ് ഡിവിഷനിലെ ജനങ്ങൾ ബോംഡിലയിൽനിന്ന് മിസാമാരിയിലേയ്ക്ക് സ്വന്തം സഹകരണബസ്സിൽ യാത്ര ചെയ്യുമല്ലോ. അപതാനിവർഗ്ഗക്കാർക്കും സ്വന്തം ഗതാഗത സഹകരണസംഘങ്ങളുണ്ട്. അവർ ഉത്തര ലഖിംപൂരിലേയ്ക്ക് ഈ സംഘങ്ങളുടെ ബസ്സുകളിലാണ് യാത്ര ചെയ്യുന്നത്. നോക്ടെ, മിഷ്മി എന്നീ വർഗ്ഗക്കാരും സഹകരണാടിസ്ഥാനത്തിൽ ബസ്സുസർവ്വീസ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ബസ്സ് സർവ്വീസ് തുടങ്ങിയപ്പോൾ ജനങ്ങൾ മറെറാരുകാര്യത്തെക്കുറിച്ചാലോചിച്ചു. ബസ്സുകൾക്കു പെട്രോൾ ആർ നൽകും? സ്വകാര്യ വ്യാപാരികളോ? ഒരിക്കലുമല്ല. സഹകരണസംഘങ്ങൾ ഉപഭോക്തൃ സ്റ്റോറുകളും ഈർച്ചമില്ലുകളും തുടങ്ങിയപ്പോൾ, പെട്രോളും ഡീസൽ എണ്ണയും നൽകുന്ന സ്റ്റേഷനുകളും എന്തുകൊണ്ട് സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചുകൂടാ എന്ന് അവർ ചിന്തിച്ചു. തന്മൂലം, സഹകരണാടിസ്ഥാനത്തിൽ നേഫയിൽ ആദ്യത്തെ പെട്രോൾ പമ്പ് ബോംഡിലയിൽ പ്രവർത്തനം ആരംഭിച്ചു.

രണ്ടു സഹകരണബാങ്കുകൾ, ഒന്ന് ദാപോറിജോയിലും മറെറാന്ന് ഹയുലിംഗിലും വിജയപ്രദമായി പ്രവർത്തിച്ചുവരുന്നു. സഹകരണസംഘങ്ങളെ അടിസ്ഥാനമാക്കി നടന്നുകൊണ്ടിരിക്കുന്ന സാമ്പത്തിക പരിവർത്തനത്തിൽ വെറും പ്രേക്ഷകരായി കഴിഞ്ഞുകൂടാൻ വിദ്യാർത്ഥികൾക്ക സാദ്ധ്യമായിരുന്നില്ല. തങ്ങൾക്കാവശ്യമായ സാധനങ്ങൾ ലഭ്യമാക്കുന്നതിന് അവർ വിദ്യാർത്ഥി സഹകരണസംഘങ്ങൾ രൂപവൽക്കരിച്ചിരിക്കുന്നു.

ജനങ്ങളുടെ ഉത്സാഹത്തിനു യോജിച്ചവിധം, നേഫാഭരണകൂടം 1963 64ൽ സഹകരണപ്രസ്ഥാനത്തിന്റെ വികസനത്തിന് 11 18ലക്ഷംക. നീക്കിവെയ്ക്കുകയുണ്ടായി.

....

അദ്ധ്യാപകസമരപരിപാടി കഠിനമാക്കുകയില്ല

അദ്ധ്യാപക കോ-ഓർഡിനേഷൻ കമ്മറ്റിയുടെ തീരുമാനം

തിരു: ഫെ. 2

ഒരുപ്രാഥമിക സ്കൂൾ അദ്ധ്യാപകരുടെ സമരപരിപാടികൾ മുൻനിശ്ചയിച്ചതിലും കഠിനമാക്കുന്നതിനെപ്പറ്റി ഇപ്പോൾ ആലോചിക്കുന്നതായി അറിയുന്നു. അദ്ധ്യാപകരുടെ ഏറ്റവും ഉന്നതമായ സംഘടനകളുടെ കോ-ഓർഡിനേഷൻ കമ്മിറ്റി ഇന്നലെ ഇക്കാര്യം തീരുമാനിച്ചതായി അറിയുന്നു.

ഫെബ്രുവരി 30-ാം തീയതി പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ പ്രകടനവും സമ്പൂർണ്ണ പണിമുടക്കും നടത്തുന്നതിനാണ് കോ-ഓർഡിനേഷൻ കമ്മിറ്റി ഇന്നലെ തീരുമാനിച്ചിരുന്നത്. ഈ തീരുമാനത്തിൽ മാറ്റം വരുത്തുന്നതിനെപ്പറ്റിയാണ് ഇന്നലെ ആലോചിച്ചത്. ഈ തീരുമാനത്തിൽ മാറ്റം വരുത്തുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമല്ല.

ഫെബ്രുവരി 4-ന് നടക്കുന്ന ജില്ലാ കൺവെൻഷനുകളിൽ എല്ലാ അദ്ധ്യാപകരും പങ്കെടുക്കണം. "ഗവണ്മെന്റിന്റെ വാഗ്ദാനലംഘനവും ഉത്തരവിലുള്ള അപകടങ്ങളും ചൂണ്ടിക്കാട്ടിയ മനസ്സിലാക്കി" മുന്നോട്ടു നീങ്ങേണ്ടതാണെന്നു കമ്മറ്റി കൺവീനർ ശ്രീ പി സി ജോൺ പുറപ്പെടുവിച്ച ഒരഭ്യർത്ഥനയിൽ അദ്ധ്യാപകരെ അനുസ്മരിപ്പിച്ചിട്ടുണ്ട്.

[സ്വ ലേ]

വാഴംഗൽ എൻജി: കോളേജിലെ അദ്ധ്യാപക പരിശീലനം ഐക്യരാഷ്ട്രനിധി സഹായം നൽകുന്നു.

ന്യൂഡൽഹി ഫെ. 4

ആന്ധ്രാപ്രദേശിൽ വിജയവാഡയിൽ എൻജിനിയറിംഗ് കോളേജിൽ ഒരു അദ്ധ്യാപകപരിശീലനപദ്ധതി നടപ്പാക്കുന്നതിനുള്ള സംബന്ധിച്ച് ഇന്ത്യാഗവർമ്മെന്റിനും ഐക്യരാഷ്ട്ര വിശേഷാൽ നിധിയുടെയും പ്രതിനിധികൾ ഇന്നിവിടെ ഒരു കരാർ ഒപ്പുവച്ചു.

ഈ പദ്ധതിയനുസരിച്ച് വാഴംഗൽ കോളേജിൽ ഒരു അദ്ധ്യാപക പരിശീലനകേന്ദ്രം സ്ഥാപിക്കുന്നതാണ്. മംഗലാപുരം, ഒറ്റപ്പാൻ, നാഗപൂർ, ഭോപാൽ, ജംഷഡ്പൂർ, ശ്രീനഗർ, അലഹബാദ് എന്നിവടങ്ങളിലെ റീജിയണൽ എൻജിനീയറിംഗ് കോളേജുകൾക്കും ഈ പ്രയോജനമുണ്ടാകും.

ഐക്യരാഷ്ട്ര വിശേഷാൽ നിധി ഇതിന് 1773000 ഡോളർ അനുവദിച്ചിട്ടുണ്ട്. ഇന്ത്യാഗവർമ്മെന്റ് 53877 ഡോളറിനു സമമായ തുക ചെലവാക്കും. സഹായം അഞ്ചുവർഷത്തേയ്ക്കാണ്. ഐക്യരാഷ്ട്രനിധി നൽകുന്ന തുകയിൽ 360000 ഡോളർ ഉപകരണങ്ങൾ വിനിയോഗിക്കപ്പെടും. യുണസ്കോ ആണ് പദ്ധതി നടപ്പാക്കുക.

കരാറിൽ കേന്ദ്രധനകാര്യവകുപ്പിലെ ജോയിന്റ് സെക്രട്ടറി ശ്രീ എസ് ജി രാമചന്ദ്രനും ഐക്യരാഷ്ട്ര സാങ്കേതിക സഹായ ബോർഡിന്റെ പ്രതിനിധിയായ ഫ്രോ: ജോൺമക് ഡിയർമിഡുമാണ് ഒപ്പുവച്ചത്.

-0-

കോടതി പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ചു

(സ്വ ലേ) പാലക്കാട്, ഫെ. 2

ഇവിടെ പുത്തൂപ്പായിൽ അഡീഷണൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ട്കോടതി പുതിയതായി നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിലേക്ക കോടതി മാറ്റിസ്ഥാപിച്ച പ്രവർത്തനമാരംഭിച്ചിരിക്കുന്നു

.....

ക്ഷയരോഗികൾക്ക് ഗോതമ്പുകഞ്ഞിയും പച്ചരിച്ചോറും.

മുകുന്ദപുരംകാവ്, ഫെ 3

മുകുന്ദപുരംകാവ് ടി.ബി. സാനിട്ടോറിയത്തിൽ ഒരു മാസമായി രണ്ടുനേരവും ഗോതമ്പുകഞ്ഞിയും ഉച്ചക്ക് പച്ചരിച്ചോറുമാണ് നൽകുന്നത്. ഗോതമ്പിന്റെ മൂല്യം കുറയാതെയാണ് ഈ ഭക്ഷണം കഞ്ഞിയുണ്ടാക്കുന്നതെന്നും ഈ മൂലം ഇവിടത്തെ നിത്യരോഗികൾക്കും വല്ലാത്ത വിഷമമുണ്ടാകുന്നില്ലെന്നും അധികൃതർ പറയുന്നു.

തിരുനാളാഘോഷം

ഇരിഞ്ഞാലക്കുട, ഫെ. 2

അവിട്ടത്തൂർ പള്ളിയിൽ ആണ്ടുതോറും ആഘോഷിച്ചുവരാറുള്ള വി: സെബസ്ത്യാനോസ് സഹദായുടെ തിരുനാൾ ഇക്കൊല്ലം പൂർവ്വാധികം മോടിയോടെ ആഘോഷിക്കപ്പെട്ടിരിക്കുന്നു. തിരുനാളിന്റെ തലേദിവസമായ ശനിയാഴ്ച നിരവധി അനുഗ്രഹക്ഷിണങ്ങളും ഉണ്ടായിരുന്നു. തിരുനാൾദിവസം ഉച്ചതിരിഞ്ഞ് വിവിധ വാദ്യഘോഷത്തോടുകൂടിയ പള്ളി പ്രദക്ഷിണവും ഉണ്ടായി.

---.---

മസൂരി മൂലം സ്കൂളടച്ചു

ഞാറയ്ക്കൽ, ഫെ. 3

ഓച്ചന്തുരുത്തിൽ പല ഭാഗത്തും മസൂരി പടർന്നു പിടിച്ചിരിക്കുന്നതിനാൽ ടസൻറ് മേരീസ് സ്കൂൾ അടച്ചിട്ട് മൂന്നാഴ്ചയോളമായി. വളരെ സാധുക്കളും ബഹുഭൂരിപക്ഷവും പകർച്ച വ്യാധിമൂലം ദുരിതമനുഭവിച്ചുവരുന്നു. സന്ദർശിക്കുവാൻ ഓച്ചന്തുരുത്തിലെ ഒരു ഡിസ്പെൻസറിയിൽ ഒരു ഡോക്ടർ ഉണ്ടെങ്കിലും അദ്ദേഹത്തിന് ഈ ഭാഗത്തെ രോഗികളുടെ സങ്കടം തീർക്കുവാൻ കഴിയുന്നില്ല. ഈ ഭാഗത്തെ നിത്യരോഗികൾക്കും എടുത്തു പറയത്തക്ക ചികിത്സാസൗകര്യങ്ങൾ ഒന്നും ഇവിടെ ഇല്ലാത്തതും ഈ ദുരവസ്ഥയ്ക്ക് ആക്കം കൂട്ടുന്നു.

മലബാറുകാരുടെ കയറ്റ വ്യാപാര പ്രശ്നങ്ങൾ ചർച്ചചെയ്യാൻ

ബാംഗ്ലൂരിൽ മുന്നൂദിവസത്തെ സെമിനാർ

ന്യൂഡൽഹി, ഫെ 3

മലബാറുകാരുടെ കയറ്റവ്യാപാരവുമായി ബന്ധപ്പെട്ട് മൂന്നുദിവസത്തെ ഒരു സെമിനാർ ഓൾ ഇന്ത്യാ ഗവൺമെന്റ് എംപ്ലോയീസ് ഫെഡറേഷൻ ഫെബ്രുവരി 8-ാംതീയതി മുതൽ ബാംഗ്ലൂരിൽ ഉദ്ഘാടനംചെയ്യുന്നതാണ്.

ബന്ധപ്പെട്ട കയറ്റവ്യാപാര വികസനകൗൺസിലുകളുമായി യോജിച്ച് ചർച്ചകൾ തിരിച്ചും രാജ്യങ്ങൾ തിരിച്ചും കയറ്റവ്യാപാരപ്രശ്നങ്ങൾ പഠിക്കാൻ ഇൻഡ്യൻ വിദേശവ്യാപാര ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന സെമിനാർ പരമ്പരയിൽ ഒന്നാണിത്.

പ്രാരംഭസമ്മേളനത്തിനുശേഷം സെമിനാർ രണ്ടുവിഭാഗങ്ങളായി പിരിഞ്ഞ വ്യത്യസ്ത പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്യും.

മലബാറുകാരുടെ കൃഷി വ്യാപിപ്പിക്കുക, കശുമുതലിനേയും ഏലയ്ക്കയുടേയും ശരാശരി വിളവ് മെച്ചപ്പെടുത്തുക എന്നീ കാര്യങ്ങളാണ് ആദ്യത്തെ വിഭാഗം പ്രധാനമായും പരിഗണിക്കുക. മികച്ചതരം കൊതിത്തലകളുടെ നാശനിയന്ത്രണം ചെയ്യുക, കഷ്ടകാലത്ത് ധനസഹായം നൽകുക എന്നീ നടപടികളും ചർച്ചചെയ്യപ്പെടും. മലബാറുകാരുടെ സാങ്കേതികപഠനങ്ങളുടെ ആവശ്യം, ഉപോല്പന്നങ്ങളുടെ ഉപയോഗം, മലബാറുകാരുടെ കുടിയേറ്റങ്ങൾ മലബാറുകാരുടെ പുതിയ ഉപയോഗങ്ങൾ, സംഭരണപ്രശ്നങ്ങൾ എന്നിവയാണ് പരിഗണിക്കുവാനുള്ള മറ്റു കാര്യങ്ങൾ.

രണ്ടാമത്തെ വിഭാഗം പ്രധാനമായും കയറ്റവ്യാപാരത്തിനുള്ള സഹായവും സംബന്ധിച്ച പ്രശ്നങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കും. കുരുമുളകിന്റെയും ഏലത്തിന്റെയും വില സ്ഥിരീകരിക്കുന്നതിനുള്ള ദീർഘകാലനടപടികളും ഹ്രസ്വകാലനടപടികളും പരിഗണിക്കും. കയറ്റവ്യാപാരപ്രശ്നങ്ങൾ പഠിക്കുകയും പുതിയവ കണ്ടുപിടിച്ച വിശകലനം ചെയ്യുകയും എന്നീ കാര്യങ്ങൾക്കും ചർച്ചചെയ്യപ്പെടുമെന്നു പ്രതീക്ഷിക്കുന്നു. കയറ്റവ്യാപാരകൗൺസിൽ, ഇറക്കുമതിനയങ്ങൾ, കപ്പൽച്ചരക്കുലഭ്യത എന്നിവ സംബന്ധിച്ചുള്ള പ്രശ്നങ്ങളും പ്രദർശനങ്ങളും എന്നിവ സംബന്ധിച്ചുള്ള പ്രസ്താവനകളും ചർച്ചചെയ്യപ്പെടും.

ഇന്ത്യയിൽനിന്നുള്ള മലബാറുകാരുടെ കയറ്റവ്യാപാരം 1963-64-ൽ 52000 ടണ്ണായിരുന്നു. 1965-66-ലെ ലക്ഷ്യം 66000 ടണ്ണാണ്. നാലാംപദ്ധതിയുടെ അവസാനത്തേക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മൊത്തം കയറ്റലക്ഷ്യം 80000 ടണ്ണാണ്.

ഇന്ത്യയിലുൽപാദിപ്പിക്കുന്ന മലബാറുകാരുടെയും കയറ്റവ്യാപാരം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടതാണ്. അതുകൊണ്ട് ഈ കാര്യങ്ങൾ ചർച്ചചെയ്യുന്നതിനുവേണ്ടിയാണ് ഈ സെമിനാർ വിളിച്ചുകൂട്ടുന്നത്.

-0-

ഉത്തരവാദിത്തം ഏറ്റെടുക്കാൻ വിമുഖത

മാള, ഫെ. 4

കർഷകത്തൊഴിലാളിപാർട്ടിയുടെ ഒരു പ്രമുഖ പ്രവർത്തകനും ശ്രീ ഇ. കെ. പൈലൻ എംഎൽഎയുടെ പുത്രനുമായ ശ്രീ ഉമ്മച്ചനും ശ്രീ കെ. ജെ ഫ്രാൻസിസിന്റെ പുത്രി കുമാരി ആലീസും (വടക്കേക്കര) തമ്മിലുള്ള വിവാഹം ഇവിടെവച്ച് സമംഗളം നടന്നിരിക്കുന്നു.

വിവാഹത്തോടനുബന്ധിച്ച് നടത്തപ്പെട്ട ചായസല്ക്കാരത്തിൽ ഒട്ടനേകം പേർ സംബന്ധിക്കുകയുണ്ടായി.

—



കല്പാത്തിയന്ത്രംകൊണ്ടുപിടിച്ച് ഇന്ത്യാഗവണ്മെന്റിന്റെ ദേശീയ അവാർഡ് നേടിയ ശ്രീ കെ. ടി. മൈക്കിടം തുന്നൽമിഷ്യനുമായി സ്റ്റോഴ്സി ലെ ഒരു മെക്കാനിക്കിനോടൊപ്പം മി. മൈക്കിടം.

ബാബാരി കൈമാറ്റം സുപ്രീം കോടതി തടഞ്ഞു

ന്യൂഡൽഹി, ഫെ. 2

പശ്ചിമബംഗാളിലെ ബെറുബാരി ചിലഭാഗങ്ങൾ പാകിസ്ഥാനു കൈമാറുവാനുള്ള നിർദ്ദിഷ്ട തീരുമാനത്തെസംബന്ധിച്ച് ഇന്ത്യാ ഗവണ്മെന്റ് വല്ല കല്പനയും പുറപ്പെടുവിക്കുകയാണെങ്കിൽ അതിനെ ഇന്നു സുപ്രീം കോടതി തടഞ്ഞിരിക്കുന്നു.

ഈ കൈമാറ്റം വേറെ അഞ്ചുപേരും ഈ പ്രദേശങ്ങളുടെ കൈമാറ്റം സംബന്ധിച്ച് ബോധിപ്പിച്ച അപ്പീലിൻമേലുള്ള വിചാരണ എടുത്തിൽ അവസാനം നടത്തുന്നതാണ്.

റാട്ടുവിതരണം

(സ്വ ലേ) എറണാകുളം, ഫെ. 2

പാറയുടെ പ്രദേശത്തെ കയർ തൊഴിലാളികൾക്ക കഠിനമായ നിരക്കിൽ കയർ റാട്ടുകൾ വിതരണം ചെയ്യുന്നതിനായി പാറയുർ ബ്ലോക്ക് കോപ്പറേറ്റീവ് സൊസൈറ്റിക്ക് അനുമതി നൽകിയിരിക്കുന്നു.

—---o

അടിയന്തിരാവസ്ഥ തുടരുന്നത് നീതിയല്ല

ജയപ്രകാശ് നാരായണന്റെ പ്രസ്താവന

ന്യൂഡൽഹി ഫെ. 3

ഇന്ത്യയിൽ അടിയന്തിരാവസ്ഥ തുടരുന്നതും മൗലികാവകാശങ്ങൾ സസ്പെൻഡ് ചെയ്യപ്പെട്ടിരിക്കുന്നതും നീതികരിക്കത്തക്കതല്ലെന്ന് ജയപ്രകാശ് നാരായണൻ അഭിപ്രായപ്പെട്ടു കഴിഞ്ഞു.

മി. ജസ്റ്റിസ് ഹിദായത്തുള്ള നടത്തിയ ലജപത്റായ് സ്മാരകപ്രസംഗവേളയിൽ അദ്ദേഹം ആഭ്യന്തരം വഹിക്കുകയായിരുന്നു. ഇന്ത്യയിൽ രണ്ടവസരങ്ങളിൽ നിയമഭഞ്ജകം പ്രയോഗങ്ങളിൽ കഴിയുന്നതിനെ കോടതികൾക്ക് അവകാശമുണ്ടോ എന്നാണ് അദ്ദേഹം സംശയം പ്രകടിപ്പിച്ചു.

ജനങ്ങൾ സ്വന്തം അവകാശങ്ങളെപ്പറ്റി ജാഗരൂകരായിരിക്കണമെന്നദ്ദേഹം പറഞ്ഞു.

യു പി യിൽ നിയമസഭയും ഒരേ ക്കോടതിയുംതമ്മിൽ നടക്കുന്ന തർക്കത്തെ പരാമർശിച്ച് ഒരു നിയമസഭ പുറപ്പെടുവിക്കുന്ന ശിക്ഷിയ്ക്കുമ്പോൾ നിയമനിർമ്മാണം നടത്തുകയല്ലാ മറിച്ച് അതിക്രമം സംഭവിക്കാതിരിക്കുകയാണ് ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു. ഇക്കാര്യത്തിൽ സുപ്രീംകോടതി അവലംബിച്ച നിലപാടു ശരിവച്ചുകൊണ്ട് ജനാധിപത്യത്തിൽ ജനങ്ങളുടെ സഹിഷ്ണുതയുണ്ടായിരിക്കണമെന്നദ്ദേഹം പറഞ്ഞു.

---.---

ഇന്ത്യയുടെവിഹിതം അഞ്ച് ഇരട്ടിയായി വർദ്ധിച്ചു

ന്യൂഡൽഹി, ഫെ 4

പവർ എഞ്ചിനീയറിംഗ് ഇന്ത്യയുടെ വ്യാപാരവ്യവസായിക വികസനത്തിൻറെ കേന്ദ്ര പ്രശ്നങ്ങളിലൊന്നാണ്. 1947-ൽ ഇന്ത്യയുടെ വിഭജിക്കുന്നതിനുമുമ്പ് പാകിസ്ഥാനിൻറെ കീഴിൽ ഒരു പ്രത്യേക ഫ്രാഞ്ചൈസിക്കിടം രൂപീകരിച്ചിട്ടുണ്ട്. 150 കോളം ഭവനങ്ങളും കാഫിസുകളും ഉദ്യോഗസ്ഥന്മാർ പരിശോധിച്ചു. 45 ലക്ഷം ലോക്കറുകളും പരിശോധനക്ക വിധേയമാക്കി. ഗ്രാമപ്രദേശങ്ങൾ കൂടാതെ ഇന്ത്യൻ കാൻസിയും വിദേശ കാൻസിയും ആരോണങ്ങളും അവർ കണ്ടെത്തുകയുണ്ടായി. ഈ പരിശോധനകളുടെ ഫലമായി 50 കോടി രൂപയുടെ കള്ളപ്പണം പുറത്തുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

—

ചേലക്കര ഹൈസ്കൂൾ വാർഷികം

ചേലക്കര, ഫെ 4

ചേലക്കര ലിറ്റിൽ ഫ്ളവർ കോൺവെന്റ് ഹൈസ്കൂളിന്റെ വാർഷികസമ്മേളനവും രക്ഷാകർതൃദിനവും ഹാർതോമസ് മുതലേടൻറെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു.

യോഗത്തിൽ ശ്രീ ടി എസ്. നാരായണയ്യർ എം. എ. പ്രസംഗിച്ചു സി. സി. റീത്ത സ്വാഗതപ്രസംഗത്തിനുശേഷം ശ്രീ കലായ വക്കിൽ സംഘടനാപരമായ (സിൻഡിറ്റിലെ) എന്ന നിലയിലും, കഠിന അവലിപ്പം എന്ന നിലയിലും വിദ്യാർത്ഥിനികൾ തന്നെയാണ് അഭിനയിച്ചു. കലാകായികമത്സരങ്ങളിൽ പങ്കെടുത്തവർക്ക് സമ്മാനങ്ങളും നൽകപ്പെട്ടു.

-0-

ബോംബെയിലെ കള്ളപ്പണവേട്ട തുടരുന്നു

അനേകം കോടി രൂപയുടെ കണക്കിൽപ്പെടാത്ത പണം കണ്ടുപിടിച്ചുവെന്ന്

ബോംബെ, ഫെ. 3

ബോംബെയിലും ഡൽഹിയിലും ആദായനികുതിവകുപ്പുദ്യോഗസ്ഥന്മാർ ഒരേ സമയം നടത്തിയ മിന്നൽപ്പരിശോധനയുടെ ഫലമായി അനേകംകോടി രൂപയുടെ കണക്കിൽ കൊള്ളിക്കാത്ത പണം കണ്ടുപിടിച്ചിരിക്കുന്നു.

ക്രിമിനൽ ഫ്രണ്ടികളുടെ രൂപത്തിലാണ് ഈ പണം സൂക്ഷിച്ചിട്ടുള്ളത്. ക്രിമിനൽ ഫ്രണ്ടിന്റെ രൂപത്തിൽ 100 കോടി രൂപയുടെ കള്ളപ്പണം ബോംബെയിൽമാത്രം പ്രചാരത്തിലുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ബോംബെയിൽ നടത്തിയ്ക്കൊണ്ടിരിക്കുന്ന പരിശോധനകൾ ഏതാനും ദിവസങ്ങൾകൂടി തുടരുമെന്നാണ് അറിയുന്നത്. പല രേഖകളും കണ്ടുപിടിച്ചിട്ടുള്ളതുവഴി കൂടുതൽ കണ്ടുപിടിക്കുവാൻ സാധ്യതയുണ്ടെന്നാണ് അറിയുന്നത്. ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഒരു പ്രത്യേക ഫ്രാഞ്ചി സക്വിം രൂപീകരിച്ചിട്ടുണ്ട്. 150 കോളം ഭവനങ്ങളും കാഫിസുകളും ഉദ്യോഗസ്ഥന്മാർ പരിശോധിച്ചു. 45 ലക്ഷം ലോക്കറുകളും പരിശോധനക്ക വിധേയമാക്കി. ഗ്രാമപ്രദേശങ്ങൾ കൂടാതെ ഇന്ത്യൻ കാൻസിയും വിദേശ കാൻസിയും ആരോണങ്ങളും അവർ കണ്ടെത്തുകയുണ്ടായി. ഈ പരിശോധനകളുടെ ഫലമായി 50 കോടി രൂപയുടെ കള്ളപ്പണം പുറത്തുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

—

ജീവിതസൂചിക ഉയരുന്നു

(സ്വ ലേ) എറണാകുളം, ഫെ. 1

ആലുവായിലെ ജീവിതസൂചിക ഇക്കഴിഞ്ഞ ഡിസംബറിൽ 608 പോയൻറിൽനിന്ന് 612 പോയൻറ് ആയും എറണാകുളത്തേത് 600 പോയൻറിൽ നിന്ന് 602 പോയൻറായും വർദ്ധിച്ചതായി ഡി: സ്റ്റാറ്റിസ്റ്റിക്കൽ കാഫിസർ ടെ ഒരു അറിയിപ്പിൽ പറയുന്നു. 1939 ഓഗസ്റ്റിൽ 100 പോയൻറ് എന്ന അടിസ്ഥാനത്തിലാണ് ജീവിതസൂചിക കണക്കാക്കിയിരിക്കുന്നത്.

....

കാലാവധി മുഴുവൻ ഗ്രീഷ്മം തന്നെ തുടർന്നേക്കും

കേരളത്തിലെ ഗവണ്ണർ പ്രശ്നം സ്തംഭനത്തിൽ

ന്യൂഡൽഹി; ഫെ. 3

ശ്രീ വി. വി. ഗിരി ഗവണ്ണറായി ഒരു പരക്ഷ കാലാവധി മുഴുവൻ കേരളത്തിൽ തുടരാനിടയില്ല.

കേരള ഗവണ്ണറായി നിയമിതനായ ശ്രീ എ. പി. ജയിൻ കേരളത്തിലേക്ക പോകുന്ന കാര്യം ഇതേവരെ തീച്ചയായിട്ടില്ല. ഏതായാലും തിരഞ്ഞെടുപ്പു കഴിയുന്നതുവരെ ഗിരി തുടരുന്ന കേരള ഗവണ്ണറായി തുടരുമെന്ന് രാഷ്ട്രപതിഭവൻ കേന്ദ്രങ്ങൾ പ്രസ്താവിക്കുന്നു.

ഗവണ്ണറായി ചാജ്ജെടുക്കുന്നതിന് ചില വ്യവസ്ഥകൾ പ്രധാനമന്ത്രിയുടെ മുമ്പിൽ ജയിൻ സമർപ്പിച്ചിട്ടുണ്ട്. അവ അസാദ്ധ്യമായേക്കുമെന്നാണ് രാഷ്ട്രപതിഭവൻ കേന്ദ്രങ്ങൾ പറയുന്നത്. ജയിനുമായി സംസാരിച്ച് തക്കതായ പരിഹാരമുണ്ടാക്കുവാനും ഗവണ്ണറായി ചാജ്ജെടുക്കാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുവാനുമാണ് പ്രധാനമന്ത്രി ശ്രീമതി ശ്രീമതി ഗാന്ധി ശ്രമിക്കുന്നത്.

കേരളത്തിൽ തന്നെ 'ഗവണ്ണർകൊലാവധി എപ്രകാരമായിരിക്കണം'മെന്നുള്ള ജയിൻ വച്ചിട്ടുള്ള ഒരു വ്യവസ്ഥ. എന്താണിതിന്റെ ഉദ്ദേശമെന്നു വ്യക്തമായിട്ടില്ല. ജയിനുമായി ആലോചിച്ചു ശേഷമാണ് അദ്ദേഹത്തെ ഗവണ്ണറായി നിയമിച്ചുകൊണ്ടുള്ള പ്രഖ്യാപനമുണ്ടായതെന്നും രാഷ്ട്രപതിഭവൻ കേന്ദ്രങ്ങൾ പ്രസ്താവിക്കുന്നു. ഉത്തരപ്രദേശിലെ ചില രാഷ്ട്രീയ പ്രശ്നങ്ങൾക്കപ്പുറമേ കേന്ദ്രമന്ത്രി സ്ഥാനവും ജയിനിന്റെ നിലപാടിന്റെ പിന്നിലുണ്ടെന്നാണ് കരുതപ്പെടുന്നത്.

പ്രധാനമന്ത്രിയും ജയിനുമായുള്ള സംഭാഷണം പരാജയപ്പെടുകയണെങ്കിൽ ഗിരി കാലാവധി മുഴുവൻ തുടരാൻ ഗവണ്ണറായി കേരളത്തിൽ തുടരാനിടയില്ലെന്നു രാഷ്ട്രപതി കേന്ദ്രങ്ങൾ തുടർന്ന് പ്രസ്താവിക്കുന്നു.

—0—

ചരമങ്ങൾ

[സ്വ ലേ] ചമ്പക്കുളം ഫെ. 2

ചമ്പക്കുളത്തു് അമിച്ചകരി കിഴക്കേ പുത്തൻ പറമ്പിൽ മീഖായേൽ തോമാസ് തന്റെ 91-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

ശവസംസ്കാര സ്ഥലം കല്ലർക്കാട്ട് ദേവാലയ സിമിത്തേരിയിൽ യഥോചിതം നടത്തപ്പെട്ടു.

74 ചാക്ക് അരി പോലീസ് പിടിച്ചെടുത്തു

പാലക്കാട്ടുനിന്നും അരിമറിപ്പ് തുടരുന്നു

പാലക്കാട്ട് ഫെ. 3

ഇവിടെനിന്നും കോട്ടയ്ക്കലിലേക്ക് കൊണ്ടുപോകുന്ന 74 ചാക്ക് അരി അധികൃതർ പിടിച്ചെടുത്തിരിക്കുന്നു.

സിവിൽ സപ്ലൈസ് ഇൻസ്പെക്ടർ, രാമചന്ദ്രമേനോനും, സബ്ബ് ഇൻസ്പെക്ടർ ശ്രീ. ഐക്കരനും, സബ്ബ് ഇൻസ്പെക്ടർ ശ്രീ. സി മാധവനും പാട്ടിയും കൂടിയാണ് കൽമണ്ഡപം ജംഗ്ഷനിൽ വച്ച കെ എൽ ഡി 3031 നമ്പ് ലോറി നിർത്തി പരിശോധിച്ചു ഈ അരി പിടിച്ചെടുത്തത്. പ്രസ്തുത അരി 4800 രൂപക്ക് വാങ്ങിയതെന്നു് അറിയുന്നു. അരിയുടെ ഉടമസ്ഥൻ വീരാൻ, സെമ്മർ കുഞ്ഞപ്പു, ക്ലീനർ ബലരാമൻ, ബോക്കർന്മാരായ അബ്ബൂ, ചക്കപ്പുത്തൻ, ഇലിക്കരായ അപ്പു, വേലായുധൻ, കണ്ണമ്മു, വെള്ളപ്പൻ എന്നിങ്ങനെ 9 പേരെ അറസ്റ്റുചെയ്ത് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. നെല്ലായായ പാലക്കാട്ടു നിന്നും പലേ ഭാഗത്തേക്കും അരി കടത്തിക്കൊണ്ടുപോകുന്നതു് സാധാരണയാണ്. സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥന്മാർ കഠിനപരിശ്രമമായി ഉദ്ധ്യമിച്ചതായാണ് അറിയുന്നത്.

ടാവൻകൂർ മിനറൽസിന്റെ നിയന്ത്രണം ഒരു എർത്ത് കമ്പനി ഏറ്റെടുത്തു

കൊല്ലം ഫെ: 4

ടാവൻകൂർ മിനറൽ കമ്പനിയുടെ നിയന്ത്രണം ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ് ഏറ്റെടുത്തിരിക്കുന്നു.

ബോംബേയിൽവച്ച് കഴിഞ്ഞവർഷം ഡിസംബർ 27നു് നടന്ന കമ്പനി 27രിക്കിടെ അസാധാരണ യോഗത്തിലാണ് ഈ തീരുമാനം സ്വീകരിച്ചതു്. ഈ തീരുമാനം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുമെന്നും അറിയുന്നു.

ഇന്ത്യൻ റെയർ എർത്ത്സിന്റെ ചെയർമാൻ ഡോ: പി എസ് നമ്പൂതിരി, വെള്ളാപ്പള്ളിൽ പഞ്ചായത്ത് പ്രസിഡണ്ട് പി വി അബ്ദുറഹിമാൻ ഖാദർ എന്നിവരെ ജില്ലാ വികസന സമിതി അംഗങ്ങളായി തെരഞ്ഞെടുത്തിരിക്കുന്നു.

ആകെ 16 പേരാണ് ഈ രണ്ടുസ്ഥാനങ്ങളിലേയ്ക്ക് മത്സരിച്ചിരുന്നതു്.

---.---

സ്ഥലംമാറ്റംകിട്ടി; മാറാൻ കിട്ടിയസ്ഥലത്ത് ജോലിസ്ഥാപനമില്ല

തൃശ്ശൂർ, ഫെ. 3

അദ്ധ്യാപകർക്കും ഗവർമ്മെന്റ് ആസ്പത്രിയിലും കണക്കപ്പിള്ളമാർക്കും ഉദ്യോഗസ്ഥലംമാറ്റം ലഭിച്ചുവെങ്കിലും അവർക്ക് ഉത്തരവ് കിട്ടിയ സ്ഥലത്ത് ജോലിയിൽ പ്രവേശിക്കാൻചെന്ന കമ്പനക്കാർ ഡിസംബർ 31-നു് വിടുതൽ നൽകുന്നില്ലെന്നു് പരാതിപ്പെടുന്നു. ഇതുമൂലം ഉത്തരവ് കിട്ടിയ സ്ഥലത്ത് ജോലിയിൽ പ്രവേശിക്കാൻ കഴിയാതെ നിരവധി അദ്ധ്യാപകരും ഗവർമ്മെന്റ് ആസ്പത്രിയിലെ ലക്ഷ്യങ്ങളും പ്രതിസന്ധിയിലായിരിക്ക